# താമരമൊട്ടുകൾ

വാല്യം 23 | ഡിസംബർ 2021 | ലക്കം 12 | Price ₹ 20



എല്ലാവർക്കും
ക്രിസ്തുമസ് പുതുവത്സര
ആശംസകൾ...

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ഡിസംബർ 2021 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)



"For a child has been born for us,a son given to us;
authority rests upon his shoulders;
and he is named Wonderful Counselor,
Mighty God, Everlasting Father,
Prince of Peace"
Isaiah 9:6
EPARCHY OF THAMARASSERY

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 763 |
| 2. | പ്രോഗ്രാം ഡിസംബർ 2021 | 766 |
| 3. | സർക്കുലർ *16/2021* | 767 |
| 4. | സർക്കുലർ | 772 |
| 5. | കച്ചേരിക്കാര്യം | 777 |
| 6. | തിരുപ്പട്ട സ്വീകരണം | 781 |
| 7. | വിശ്വാസപരിശീലനം | 782 |
| 8. | ചെറുപുഷ്പ മിഷൻലീഗ് | 788 |
| 9. | തിരുബാലസഖ്യം | 791 |
| 10. | സെമിനാരി വാർത്തകൾ | 794 |
| 11. | ലിറ്റർജി കമ്മീഷൻ | 795 |
| 12. | വിദ്യാഭ്യാസം | 796 |
| 13. | സ്റ്റാർട്ട് | 797 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 798 |
| 15. | അൽഫോൻസ കോളേജ് തിരുവമ്പാടി | 799 |
| 16. | ആൽഫ മരിയ അക്കാദമി | 802 |
| 17. | മാതൃവേദി | 802 |
| 18. | കുടുംബ പ്രേഷിതത്വം | 804 |
| 19. | കെ.സി.വൈ.എം | 805 |
| 20. | ഇൻഫാം | 807 |
| 21. | എ.കെ.സി.സി | 809 |
| 22. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 813 |
| 23. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 814 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 815 |
| 25. | ബഥാനിയ ധ്യാനകേന്ദ്രം | 816 |
| 26. | വികസനവേദി | 818 |
| 27. | മലബാർ ലേബർ മൂവ്മെന്റ് | 819 |
| 28. | യേശുനിധി | 820 |
| 29. | അജപാലനക്കുറിപ്പുകൾ | 821 |
| 30. | വിഷയവിവരങ്ങൾ | 826 |

പൗരോഹിത്യ

# സുവർണ്ണജൂബിലി ആശംസകൾ



പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന

**അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്**

താമരശ്ശേരി രൂപതാ കുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ!

# ജൂബിലി നിറവിൽ




ഫാ. തോമസ്
വട്ടോട്ടുതറപ്പേൽ
20-12-1971



മോൺ. ആന്റണി
കൊഴുവനാൽ
27-12-1971



ഫാ. സൈമൺ
വള്ളോപ്പിള്ളി
06-01-1972



ഫാ. ജോർജ്ജ്
മുണ്ടനാട്ട്
26-12-1996



ഫാ. ജേക്കബ്
കുത്തൂർ
04-01-1997



ഫാ. വിൽസൺ
മുട്ടത്തുകുന്നേൽ
28-12-1996



ഫാ. ഡൊമിനിക്
തുങ്കുഴി
30-12-1996



## നാമഹേതുക തിരുനാൾ
## ആശംസകൾ

**മോൺ. ജോൺ ഒറവുങ്കര**
**ഡിസംബർ 27**



# Birth Day Greetings
Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Mukaleparambil Joseph | December | 1 |
| | Kiliyananickal James | | 1 |
| | Kochukaipayil Thomas | | 1 |
| | Karakatt Sebastian | | 2 |
| | Vallopilly Abraham | | 3 |
| | Palakeel Kuriakose | | 8 |
| | Chennamkulath Benedict | | 10 |
| | Ponganpara Cheriyan | | 11 |
| | Pennaparambil Jose | | 12 |
| His Grace | Mar Jacob Thoomkuzhy | | 13 |
| | Kalapurackal George | | 15 |
| | Muthalakuzhiyil Joseph | | 18 |
| | Vellackakudiyil George | | 18 |
| | Varikkassery George | | 21 |
| | Thannickal Kurian | | 23 |
| | Palathumthalakal Augustine | | 25 |
| | Kottackal Mathew | | 26 |
| | Nagaparambil Thomas | | 28 |
| | Pulinchuvattil Abraham | | 28 |
| | Thekkekaramattathil George | | 28 |
| | Kizhukkarakattu Danties | | 29 |
| | Chirathalackal Joseph | | 31 |

# Feast Day Greetings
Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kalariparambil John | December | 27 |
| Msgr. Oravankara John | | 27 |
| Moolayil John | | 27 |
| Pazhukunnel Johnson | | 27 |
| Pallickavayalil John | | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഡിസംബർ 2021

| | | |
|---|---|---|
| 01 | ബുധൻ | ഇരുപത്തഞ്ച് നോമ്പാരംഭം |
| 03 | വെള്ളി | **വി. ഫ്രാൻസീസ് സേവ്യർ** |
| 08 | ബുധൻ | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ** |
| 14 | ചൊവ്വ | കുരിശിന്റെ വി. യോഹന്നാൻ |
| 18 | ശനി | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| 24 | വെള്ളി | ചരമദിനം: ഫാ. ജോർജ്ജ് തടത്തിൽ (1998) |
| 25 | ശനി | **ക്രിസ്തുമസ്** |
| 26 | ഞായർ | വി. എസ്തപ്പാനോസ്, വി. യോഹന്നാൻ ശ്ലീഹാ,<br>തിരുക്കുടുംബ തിരുനാൾ,<br>വി. യൗസേപ്പിതാവർഷ സമാപനം<br>പൗരോഹിത്യ സ്വീകരണദിനം -<br>മാർ റെമീജിയോസ് ഇഞ്ചനാനിയിൽ |
| 28 | ചൊവ്വ | കുഞ്ഞിപ്പൈതങ്ങൾ |
| 29 | ബുധൻ | ചരമദിനം: ഫാ. ജോസഫ് കാളക്കുഴി (2018) |
| 31 | വെള്ളി | വർഷാവസാനം |



*St. Joseph, Pray for us*

*സർക്കുലർ 16/2021*

# ക്രിസ്തുമസ് സന്ദേശം

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുമക്കളേ,

സമാധാനത്തിന്റെ സന്ദേശവുമായി ഒരു ക്രിസ്തുമസ് കാലം കൂടി വരികയാണല്ലോ. രക്ഷകനായ ഉണ്ണിയീശോയെ ഹൃദയത്തിലും ഭവനങ്ങളിലും സ്വീകരിക്കാൻ ഒരുങ്ങുന്ന ഏവർക്കും സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും എല്ലാവിധ മംഗളങ്ങളും ദൈവാനുഗ്രഹങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു. വചനമാകുന്ന ദൈവത്തെ മറിയം ഹൃദയത്തിൽ സ്വീകരിച്ചതിന്റെ ഓർമ്മ പുതുക്കുന്ന മംഗളവാർത്തക്കാലവും, ദൈവം തന്നെയായ വചനം മനുഷ്യനായി ഭൂമിയിൽ പിറന്നുവീണതിന്റെ ആഘോഷമായ പിറവിക്കാലവും നൽകുന്ന ആനന്ദത്തിന്റെ സദ്വാർത്ത ലോകമെങ്ങും മുഴങ്ങാൻ ഈ ക്രിസ്തുമസ് കാലത്ത് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കോവിഡിന്റെ മൂന്നാം തരംഗം ശക്തിപ്പെട്ടു തുടങ്ങുമ്പോഴും പ്രത്യാശ കൈവിടാതെ ജീവിതയാത്ര തുടരാൻ ഉണ്ണിയീശോ നമുക്ക് കരുത്ത് പകരും. ഈ വേദനയുടെയും ഭയത്തിന്റെയും അരക്ഷിതാവസ്ഥയുടെയും പിടിയിൽ നിന്ന് നമ്മുടെ കുടുംബങ്ങളെയും പ്രിയപ്പെട്ടവരെയും ലോകം മുഴുവനെയും മോചിപ്പിക്കണമേയെന്ന് ഈ നോമ്പുകാലത്ത് തീക്ഷ്ണമായി നമുക്ക് പ്രാർത്ഥിക്കാം.

പ്രത്യാശയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് ക്രിസ്തുമസ് നമുക്ക് നല്കുന്നത്. “അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം” (ലൂക്ക 2:14) എന്ന് പാടിയ സ്വർഗ്ഗീയ സൈന്യവ്യൂഹത്തിന്റെ കീർത്തനം പ്രതിസന്ധികളിൽ നമുക്ക് കരുത്തുപകരും. ദൂതന്റെ അഭിവാദനം കേട്ട് അസ്വസ്ഥയായി നിന്ന പരിശുദ്ധ അമ്മയെ, “മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നി ധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.” (ലൂക്ക 1:30) എന്നും, കർത്താവിന്റെ മഹത്വം കണ്ട് ഭയന്ന് നിന്ന ആട്ടിടയന്മാരെ, “ഭയപ്പെടേണ്ടാ,

ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു." (ലൂക്ക 2:10) എന്നും പറഞ്ഞ് ധൈര്യപ്പെടുത്തിയ തിരുവചനം ആശങ്കയുടെ ഈ കാലഘട്ടത്തിൽ നമുക്കും ആശ്വാസമാകട്ടെ.

ക്രിസ്തുമസ് തിരുക്കുടുംബത്തെക്കുറിച്ചുള്ള ധ്യാനാവസരമാണ്. ജോസഫ് എന്ന പിതാവും, മറിയം എന്ന മാതാവും, ഈശോ എന്ന പുത്രനും നൽകുന്ന മാതൃകയാണ് നമ്മുടെ കുടുംബങ്ങളെയും ദൈവസ്നേഹത്തിലും, ദൈവഹിതത്തിലും നയിക്കേണ്ടത്. "നസ്രത്തിലെ തിരുക്കുടുംബം എണ്ണമറ്റ അനേകം തിരുക്കുടുംബങ്ങളുടെ തുടക്കമാണ്" എന്ന് വി. ജോൺ പോൾ മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് (Gratissimam Sane [Letter to Families], 23). പരസ്പരം പങ്കുവയ്ക്കപ്പെടുന്ന സ്നേഹത്തിന്റെ മാനം കൂടിചേരുമ്പോഴാണ് ഏതൊരു കുടുംബവും തിരുക്കുടുംബം പോലെയായിത്തീരുന്നത്. പിതാവ് പുത്രനിലും, പുത്രൻ പിതാവിലും വസിക്കുന്നതു പോലെ വേർതിരിച്ചെടുക്കാനാവാത്ത ദൈവസ്നേഹത്തിന്റെ ആഴങ്ങളിൽ അടിസ്ഥാനമിട്ട കുടുംബ ബന്ധത്തിന്റെ മഹനീയ മാതൃകയാണ് തിരുക്കുടുംബം. കന്യകാ മറിയത്തിന്റെ സമർപ്പണവും, യൗസേപ്പിതാവിന്റെ ദൈവാശ്രയവും, ഉണ്ണിയീശോയുടെ അനുസരണവുമാണ് തിരുക്കുടുംബത്തിന്റെ ആത്മീയത.

തിരുക്കുടുംബത്തിലെ സമർപ്പണത്തിന്റെ മാതൃകയായ മറിയത്തിന്റെ ജീവിതം മുഴുവനും ഒറ്റ വാക്യത്തിൽ സംഗ്രഹിക്കാം: "ഇതാ, കർത്താവിൻെറ ദാസി! നിൻെറ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്ക 1:38). "ദൈവത്തിന് ഒന്നും അസാധ്യമല്ല." (ലൂക്ക 1:37) എന്ന ദൂതന്റെ വചനം കേട്ട് ദൈവഹിതത്തിനും അവിടുത്തെ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിനുമായി സ്വയം സമർപ്പിച്ച കൗമാരക്കാരിയായ പെൺകുട്ടിയുടെ ഉറപ്പ് ദൈവം തന്നെയായിരുന്നു. വരാനിരിക്കുന്ന സഹനങ്ങളും അപമാനങ്ങളും വേദനകളുമൊന്നും അവളെ ഈ ദൈവികപദ്ധതിയിൽ നിന്ന് പിന്തിരിപ്പിക്കുന്നില്ല. ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ച് ജീവിതത്തിന്റെ സഹനങ്ങളെ കരുത്തോടെ നേരിടാനും, ദൈവഹിതത്തിന് സ്വയം സമർപ്പിച്ച് കുടുംബങ്ങളെ പ്രാർത്ഥനാരൂപിയിൽ മുന്നോട്ട് നയിക്കാനും മറിയത്തെപ്പോലെ എല്ലാ അമ്മമാർക്കും സാധിക്കണം. അതിനുള്ള ഒരുക്കത്തിന്റെ അവസരമാകട്ടെ ഈ ക്രിസ്തുമസ് കാലം.

പരി. അമ്മയുടെ സമർപ്പണം പോലെ തന്നെ നമ്മെ പ്രചോദിപ്പിക്കുന്നതാണ് വി.യൗസേപ്പിതാവിന്റെ ത്യാഗപൂർണ്ണമായ ജീവിതവും. 2020 ഡിസംബർ 8ന് ആരംഭിച്ച് 2021 ഡിസംബർ 26ന് പൂർത്തിയാകുന്ന വി. യൗസേപ്പിതാവിന്റെ വർഷത്തിന്റെ സമാപനത്തിലാണ് നാം. ഇതോടനുബന്ധിച്ച് ഒരു ദിവസം ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുന്നാൾ സമുചിതമായി ആഘോഷിക്കേണ്ടതാണ്. കഴിഞ്ഞ ഒരു വർഷക്കാലം യൗസേപ്പിതാവിന്റെ പ്രത്യേകമായ മാധ്യസ്ഥ്യം തേടിയും, മാതൃക പിഞ്ചെന്നും നാം നടന്ന അനുഗ്രഹത്തിന്റെ വഴികളെ അന്നേ ദിവസം ഓർത്തെടുത്ത് ദൈവത്തിന് കൃതജ്ഞതയർപ്പിക്കാം. "ജീവിക്കേണ്ടതും ദൈവത്തെ പ്രീതിപ്പെടുത്തേണ്ടതും എങ്ങനെയെന്നു നിങ്ങൾ ഞങ്ങളിൽനിന്നു പഠിച്ചു; അതനുസരിച്ച് ഇപ്പോൾ നിങ്ങൾ ജീവിക്കുന്നതുപോലെ ഇനിയും മുന്നേറുവിൻ" (1 തെസ. 4:1). എന്ന പൗലോസ് ശ്ലീഹായുടെ വചനം അനുസ്മരിപ്പിക്കുന്നതു പോലെ, ഇതുവരെ നാം നടന്ന കൃപയുടെ വഴികളിൽ മുന്നേറാൻ നമുക്ക് ഉത്സുകരായിരിക്കാം. ദൈവവുമായി ആലോചിച്ച ശേഷവും, താൻ എടുക്കാൻ പോകുന്ന തീരുമാനം തനിക്കും, തന്റെ ജീവിത പങ്കാളിക്കും അപമാനത്തിന് കാരണമാകാം എന്നറിഞ്ഞിട്ടും ദൈവവചനത്തിലും ദൈവത്തിന്റെ വാഗ്ദാനത്തിലും വിശ്വസിച്ച് വിശ്വസ്തതയോടെ ഉണ്ണിയീശോയെയും മാതാവിനെയും സംരക്ഷിച്ച മഹനീയ മാതൃകയാണ് വി. യൗസേപ്പിതാവിന്റേത്. യൗസേപ്പിതാവിനെപ്പോലെ നിശ്ശബ്ദതയിലൂടെ ദൈവസ്വരം തേടിയും, ദർശനങ്ങളിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞും, അദ്ധ്വാനത്തിലൂടെ ദൈവമഹത്വം പ്രഘോഷിച്ചും കുടുംബങ്ങളുടെ കാവലാളുകളാകാൻ എല്ലാ കുടുംബനാഥന്മാരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ബെനഡിക്ട് പതിനാറാമൻ പാപ്പ ഒരിക്കൽ തന്റെ ക്രിസ്തുമസ് സന്ദേശത്തിൽ പറഞ്ഞു: "ദൈവത്തിന്റെ അടയാളം ലാളിത്യമാണ്, ദൈവത്തിന്റെ അടയാളം ശിശുത്വമാണ്, ദൈവത്തിന്റെ അടയാളം സ്വയം ചെറുതാകലാണ്. സ്വയം ചെറുതാകലിലൂടെയാണ് അവൻ നമ്മെ ഭരിക്കുന്നത്. ശക്തിയോടും, ബാഹ്യശോഭയോടും കൂടിയല്ല ദൈവം നമ്മുടെ അടുത്തേക്ക് വന്നത്. പ്രതിരോധിക്കാൻ സാധിക്കാത്ത, സഹായം ആവശ്യമുള്ള ഒരു ശിശുവിനെപ്പോലെ യാണ് അവൻ നമ്മെ സമീപിച്ചത്. തന്റെ മഹത്വം കൊണ്ട് നമ്മെ ഭയപ്പെടുത്താൻ അവൻ ആഗ്രഹിക്കുന്നില്ല. തന്റെ മഹിമപ്രതാപത്തെക്കുറിച്ചുള്ള നമ്മുടെ ഭയം തന്റെ ലാളിത്യത്തിലൂടെ അവിടുന്ന്

എടുത്തുമാറ്റുന്നു. അവിടുത്തേക്ക് നമ്മുടെ സ്നേഹം ആവശ്യ മാണ്. അതുകൊണ്ടാണ് അവിടുന്ന് ശിശുവായത്, നാം അവിടുത്തെ മനസ്സിലാക്കാൻ വേണ്ടിയാണ് അവൻ ചെറുതായത്" (ക്രിസ്തുമസ് സന്ദേശം, 24 ഡിസംബർ 2006). ഇതാണ് ദൈവത്തി ന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന ദൈവപുത്രനായ ഈശോ നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്കുന്ന ക്രിസ്തുമസ് സന്ദേശം. ദൈവത്തിന്റെ സ്ഥാനവും മഹിമയുമൊന്നും കണക്കിലെടുക്കാതെ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഈശോ ഏതു കാലഘട്ടത്തിലെയും കുഞ്ഞുങ്ങൾക്ക് ഒരു മാതൃക തന്നെയാണ്. ജന്മം നല്കിയ മാതാപിതാക്കളെ ധിക്കരിക്കാതെ, ദൈവഹിതത്തിനും മാതാപിതാക്കൾക്കും വിധേയപ്പെട്ട്, അനുസരണയുള്ളവരായി ജീവിക്കാനും, മാതാപിതാക്കൾക്ക് താങ്ങും തണലുമാകാനും, അതുവഴി കുടുംബത്തിനും, സഭയ്ക്കും, സമൂഹത്തിനും അനുഗ്രഹമായിത്തീരാനും പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയീശോയുടെ മാതൃക നമ്മെ പഠിപ്പിക്കുന്നു.


പ്രസവസമയമടുത്ത മറിയത്തിന്റെയും നിസ്സഹായനായ യൗസേപ്പി ന്റെയും മുമ്പിൽ സത്രത്തിന്റെ വാതിലുകൾ കൊട്ടിയടച്ചതുപോലെ ഇന്നും ആലംബഹീനർക്കു മുമ്പിൽ മൗലികമായ അവകാശങ്ങളുടെയും ആവശ്യ ങ്ങളുടെയും വാതായനങ്ങളടയ്ക്കപ്പെടുന്ന സാമൂഹ്യ, രാഷ്ട്രീയ അന്തരീ ക്ഷത്തിലാണ് നാം ആയിരിക്കുന്നത്. അവകാശത്തിനായി പൊരുതുന്ന കർഷ കരും, സംവരണത്തിൽ പിന്തള്ളപ്പെടുന്ന വിദ്യാർത്ഥികളുമൊക്കെ അടഞ്ഞ വാതിലുകൾക്ക് മുന്നിൽ നിസ്സഹായരായി കാത്ത് നിൽക്കുമ്പോൾ അവരർഹി ക്കുന്ന അവകാശങ്ങൾക്ക് വേണ്ടി കൂടെ നിൽക്കാൻ നമുക്കും കഴിയണം. കാരണം, സഹായം തേടി കാത്തുനിൽക്കുന്നവർക്ക് മുന്നിൽ വാതിൽ തുറ ക്കുന്നിടത്താണ് രക്ഷകൻ ജനിക്കുന്നത്. ദൈവപുത്രന് പിറന്ന് വീഴാൻ ഇട മൊരുക്കുന്നവരുടേ താണ് ക്രിസ്തുമസ്. അതിനാൽ നമ്മുടെ ഹൃദയങ്ങ ളിലും ഭവനങ്ങളിലും ഉണ്ണിയീശോയ്ക്ക് പിറന്നു വീഴാൻ സ്ഥലമൊരുക്കാം.

പ്രാർത്ഥനാപൂർവ്വം നോമ്പനുഷ്ഠിച്ചും, വിശുദ്ധ കുർബ്ബാനയിൽ മുട ങ്ങാതെ പങ്കുചേർന്നും, കഴിഞ്ഞ വർഷം നഷ്ടപ്പെട്ടുപോയ ക്രിസ്തുമസ് ആവേശം വീണ്ടെടുത്തുകൊണ്ട്, നമുക്ക് ഈ ആഗമനകാലം മനോഹരമാക്കാം. രക്ഷകന്റെ വരവിനായി ഹൃദയവയലുകൾ ഒരുക്കുന്നതോ ടൊപ്പം നക്ഷത്രവിളക്കുകൾ തൂക്കിയും, ഭവനങ്ങൾ അലങ്കരിച്ചും, പുൽക്കൂ ടുകൾ ഒരുക്കിയും നമുക്ക് കാത്തിരിക്കാം. എല്ലാ ദിവസവും വി. ബലിയിൽ പങ്കെടുക്കുന്നതിനായി മാതാപിതാക്കളും അധ്യാപകരും കുട്ടികളെ സ്നേഹ ത്തോടെ പ്രോത്സാഹിപ്പിക്കണം. മിഷൻലീഗിന്റെയും, വിശ്വാസപരിശീലന കേന്ദ്രത്തിന്റെയും, യുവജന സംഘടനയു ടെയുമൊക്കെ നേതൃത്വത്തിലും ഇടവകതലങ്ങളിലും നടത്തപ്പെടുന്ന ക്രിസ്തുമസ് പരിപാടികളിൽ എല്ലാ

കുട്ടികളും സജീവമായി പങ്കെടുക്കണം. നമ്മുടെ ആഘോഷങ്ങളെല്ലാം കരുതലോടെയും, സർക്കാർ നിർദ്ദേശിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ കൃത്യതയോടെ പാലിച്ചുകൊണ്ടും ക്രമീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അങ്ങനെ സുരക്ഷിതരായിരുന്നുകൊണ്ട് നാം തെളിക്കുന്ന സ്നേഹത്തിന്റെ നക്ഷത്രവിളക്കുകൾ ലോകത്തിന് പ്രകാശമായി മാറട്ടെ. നമ്മുടെ ഹൃദയങ്ങളിൽ ദൈവപുത്രൻ വന്ന് പിറക്കട്ടെ.

തിരുക്കുമാരനെ ഉദരത്തിൽ വഹിച്ച പരിശുദ്ധ കന്യകാ മറിയത്തിന്റെയും, തിരുക്കുടുംബത്തിന്റെ നാഥനും സംരക്ഷകനുമായ വി. യൗസേപ്പിതാവിന്റെയും പ്രത്യേകമായ മാദ്ധ്യസ്ഥ്യവും, രക്ഷകനായ ഉണ്ണിയീശോയുടെ അനുഗ്രഹവും എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഒരിക്കൽക്കൂടി എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ ഡിസംബർ മാസം 5-ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.



# 2021 ഡിസംബർ 19
# ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വചനം മനുഷ്യനായി അവതരിച്ചതിന്റെ ഓർമ്മ ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി കേരള കത്തോലിക്കാസഭ ആചരിക്കുന്നു. ഇനിയും നമ്മെ പൂർണമായും വിട്ടകന്നിട്ടില്ലാത്ത മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷവും തിരുപ്പിറവിമഹോത്സവം നാം ആഘോഷിക്കുന്നത്. മരണത്തിന്റെ നിഴലിൽ എന്നോണം കഴിയുന്ന ജനത്തിന് ഇരുളിൽ ജ്വലിക്കുന്ന പ്രകാശമായി (യോഹ 1:5), ആശ്വാസത്തിന്റെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ തൂകി ക്രിസ്തുമസ് വീണ്ടും കടന്നുവരുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനം സകലജനത്തിനുമുള്ള സദ്‌വാർത്തയാണ്.

### സകലജനത്തിനുമുള്ള സദ്‌വാർത്ത

2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന മെത്രാൻസിനഡിന്റെ പതിനാറാം പൊതുസമ്മേളനത്തിന് ആമുഖമായി പ്രസിദ്ധീകരിച്ച ഒരുക്കരേഖ സകലർക്കുമുള്ള സദ്‌വാർത്തയായ യേശുവിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കിടയിലേക്കും ഇറങ്ങിച്ചെന്ന യേശു, ദൈവകരുണ 'പക്ഷഭേദമില്ലാതെ' (അപ്പ 10:34) പകർന്നുനല്കുന്നതു നാം കാണുന്നുണ്ട്. ചുങ്കക്കാരനായ ലേവിയുടെയും (മർക്കോ 2:13-17) വിജാതീയയായ കാനാൻകാരിയുടെയും (മത്താ 1,21-28) ഏകാകിനിയായ സമരിയാക്കാരിയുടെയും (യോഹ 4:1-42) രോദനങ്ങൾക്കും നെടുവീർപ്പുകൾക്കും ചെവികൊടുത്ത്, യേശു അവരെ രക്ഷയുടെ തീരത്തേക്ക് കൊണ്ടുവരുന്നു. ഏതു സാമൂഹിക ശ്രേണിയിലുള്ളവരുടെയും നേർക്ക് വാതിലുകൾ തുറന്നിട്ടിരിക്കുന്ന അവിടന്ന്, ദൈവത്തിൽനിന്നകന്ന് ആത്മീയാന്ധകാരത്തിൽ കഴിയുന്നവരെയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലുള്ളവരെയും പ്രത്യേകമായി ദൈവരാജ്യത്തിന്റെ സാഹോദര്യത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. നമ്മുടെ വേദനകളിലും തേങ്ങലുകളിലും ആശ്വാസവും പരാജയങ്ങളിലും തകർച്ചകളിലും ആലംബവുമാണ് ദൈവവചനമാകുന്ന യേശു.

## സദ്‌വാർത്തയ്ക്കായി കാത്തിരിക്കുന്നവർ

യേശുവിനെ പ്രഘോഷിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, യേശുക്രിസ്തുവാകുന്ന സദ്‌വാർത്തയ്ക്കായി തന്റെ ഹൃദയം തുറന്ന് കാത്തിരിക്കുന്ന വിജാതീയനായ കൊർണേലിയൂസിനെയും യേശുവിനെ പ്രഘോഷിക്കാനായി താൻ നാളിതുവരെ മുറുകെപ്പിടിച്ചിരുന്ന ചില കാഴ്ചപ്പാടുകൾ തിരുത്തി സ്വയം നവീകരിക്കാൻ തയ്യാറാകുന്ന പത്രോസിനെയും (അപ്പ 10) സിനഡിന്റെ ഒരുക്കരേഖ അവതരിപ്പിക്കുന്നു.

ക്രിസ്തുവിനായി തീക്ഷ്ണമായി ദാഹിക്കുന്നവരുടെ പ്രതിനിധിയാണ് കൊർണേലിയൂസ് എന്ന ശതാധിപൻ. റോമൻ അധിനിവേശസൈന്യത്തിലെ ഒരു പടത്തലവനായിരുന്നെങ്കിലും നിരന്തരം പ്രാർഥിക്കുന്നവനും ജനത്തിന് വളരെയേറെ ദാനധർമങ്ങൾ ചെയ്യുന്നവനുമായിരുന്നു ഈ വിജാതീയനെന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. ഒരു ദൈവദൂതൻ അവന്റെ ഭവനത്തിലേക്ക് കടന്നുചെന്ന്, ദൈവം അവനെ ശ്രവിച്ചിരിക്കുന്നു എന്നു പറയുമ്പോൾ യേശുവാകുന്ന നിറവിൽ എത്തിച്ചേരാനുള്ള കൃപയാണ് അവനു ലഭിക്കുന്നത്. കർത്താവ് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ തയ്യാറായിരിക്കുന്ന (അപ്പ 10:33) കൊർണേലിയൂസും കുടുംബവും പത്രോസ് അപ്പസ്തോലനിലൂടെ 'സദ്‌വാർത്ത' സ്വീകരിക്കുന്നതും അതുവഴി അവരുടെ ജീവിതത്തിൽ പുതിയ ചക്രവാളങ്ങൾ തുറക്കുന്നതും നാം പിന്നീട് കാണുന്നുണ്ട്. ദൈവവചനം അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്, എല്ലാ ജനഹൃദയങ്ങളിലും അതിന് ഇടം ലഭിക്കുമ്പോഴാണ്. വചനത്തിനായി ദാഹിക്കുന്ന അനേകർ നമ്മുടെ ഇടയിലുണ്ടെന്നും അതിർവരമ്പുകളൊന്നും വചനത്തിനു പ്രതിബന്ധമല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്കു വേണ്ടത്. യേശുവിനായി കാത്തിരിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സദ്‌വാർത്ത എത്തിക്കാനുള്ള ആഹ്വാനം ഈ തിരുപ്പിറവിത്തിരുനാൾ നമുക്കു നല്കുന്നു.

## സദ്‌വാർത്തയും ആത്മനവീകരണവും

സദ്‌വാർത്ത പ്രഘോഷിക്കാൻ നാം ഒരുങ്ങേണ്ടതുണ്ട് എന്നു വ്യക്തമാക്കുന്നതാണ് പത്രോസിനുണ്ടാകുന്ന ദർശനം (അപ്പ 10: 9–16). വചനവിത്തുകൾ സ്വീകരിക്കാൻ വയലുകൾ സജ്ജമാണെങ്കിലും വിത്തുവിതയ്ക്കുന്നവർ അതിനായി തയ്യാറാകേണ്ടതുണ്ട്. കൊർണേലിയൂസിനെ 'സദ്‌വാർത്ത' അറിയിക്കാനായി പത്രോസിനെ ദൈവം ഒരുക്കുന്നത് സർവജീവജാലങ്ങളെയും കൊന്നുഭക്ഷിക്കാൻ നിർദേശിക്കുന്ന ഒരു ദർശനവിവരണത്തിലൂടെ അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. പത്രോസ് ഇവിടെ ആദ്യം

നല്കുന്ന മറുപടി ശുഭകരമല്ല: "കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല" (അപ്പ 10,14). ആചാരാനുഷ്ഠാനങ്ങളിൽ പടുത്തുയർത്തിയ മതവിശ്വാസവും മറ്റു ജനവിഭാഗങ്ങളിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ് തങ്ങൾ എന്ന സാമുദായികബോധവും പരമപ്രധാനമായി കരുതിയ ഇസ്രായേൽ പാരമ്പര്യത്തിൽനിന്ന് പുറത്തുകടക്കാനുള്ള പത്രോസിന്റെ വൈമനസ്യമാണ് ഇവിടെ നാം കാണുന്നത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്തെന്ന കാരണത്താൽ ഈ സമൂഹത്തിനു പുറത്തുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാതെ, തന്റെതന്നെ ലോകത്തിലേക്കു ചുരുങ്ങിപ്പോകുന്ന പത്രോസിന് സുവിശേഷവത്കരണത്തിന്റെ സാധ്യതകളും വെല്ലുവിളികളും ഈ ദർശനത്തിലൂടെ വെളിപ്പെടുന്നു.

തന്റെ ജീവിതകാഴ്ചപ്പാടുകളിൽ മാറ്റംവരുത്താൻ കർത്താവ് ഒരു ദർശനത്തിലൂടെ നിർദേശം നല്കുന്നതുവഴി സുവിശേഷം സർവജനത്തിനും വേണ്ടിയുള്ളതാണെന്നും അത് അവരിലെത്തിക്കാൻ താൻ കടപ്പെട്ടിരിക്കുന്നുവെന്നും പത്രോസ് തിരിച്ചറിയുന്നു. വിജാതീയനായ കൊർണേലിയൂസിന്റെയും കുടുംബത്തിന്റെയും ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹം തയ്യാറാകുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ പുതിയൊരു ചുവടുവയ്പ്പാണ്. ദൈവദൃഷ്ടിയിൽ ഒരു മനുഷ്യവ്യക്തിയും അസ്പർശ്യനോ അയോഗ്യനോ അല്ല (അപ്പ 10:28). മാത്രമല്ല, അവരുടെയും കാതുകളിൽ സദ്വാർത്ത മുഴങ്ങണമെന്നത് ദൈവഹിതവും ദൈവപദ്ധതിയു മാണ്. അതുകൊണ്ടു തന്നെ ഓരോരുത്തർക്കും ലഭിക്കുന്ന ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പ് മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാനും ലോകമെങ്ങും സാക്ഷ്യംനല്കാനും വേണ്ടിയുള്ള താണ്. പത്രോസിനു ലഭിക്കുന്ന ഈ പുതിയ വെളിച്ചമാണ് ആദിമസഭയെ പലസ്തീനയുടെ അതിർത്തികൾക്കപ്പുറത്തേക്കു നയിക്കുന്നതിൽ വലിയ പങ്കുവഹിച്ചത്. വചനത്തിനായി ദാഹിക്കുന്ന കൊർണേലിയൂസിനെപ്പോലെയുള്ളവരുടെ ജീവിതത്തിലേക്ക് സദ്വാർത്തയുമായി പത്രോസിനെപ്പോലെ ധൈര്യപൂർവം കടന്നുചെല്ലാൻ യേശു നമ്മെ ക്ഷണിക്കുന്നു. പക്ഷേ, പത്രോസിനെപ്പോലെ നാം സദ്വാർത്തയാൽ ഒരു ആത്മനവീകരണത്തിനു വിധേയരാകേണ്ടതുണ്ട്. ആഗമനകാലദിനങ്ങൾ നമുക്ക് സുവിശേഷപ്രഘോഷണത്തിനായി സ്വയം ഒരുങ്ങാനുള്ള സമയംകൂടിയാണ്. ദൈവവചനത്തോടുള്ള തുറവ് നമ്മുടെ മുന്നിലുള്ള സാധ്യതയാണെങ്കിൽ, വചനപ്രഘോഷണത്തിനായി ആന്തരികനവീകരണത്തിനുള്ള സന്നദ്ധത നമുക്കുള്ള വെല്ലുവിളിയാണ്.

വചനത്തിനു കാതുകൊടുത്താണ് സഭ സ്വർഗീയജെറുസലേം ലക്ഷ്യമാക്കി മുന്നേറുന്നത്. 'ആത്മാവ് പറയുന്നതു കേൾക്കുവിൻ' എന്ന് ക്രിസ്തു സഭകളെ ആഹ്വാനംചെയ്യുന്നത് വെളിപാടിലെ സഭകൾക്കുള്ള കത്തുകളിൽ നാം വായിക്കുന്നു (വെളി 2:7.11.17.29; 3:6.13.22). വഴിയും സത്യവും ജീവനുമായ (യോഹ 4:6) യേശുവിനെ പിഞ്ചെല്ലുന്ന തീർഥാടകയായ സഭയിലെ അംഗങ്ങളായ നമ്മുടെ ഓരോ ചുവടുവയ്പിനും മാർഗദർശിയാണ് സജീവവും എന്നും നവീനവുമായ ദൈവവചനം (ഹെബ്രാ 4:12-13).

### കേരളസഭയും വിശുദ്ധഗ്രന്ഥവും

പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ള കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും അഭിമാനാർഹമായ സാക്ഷ്യമാണ് ബൈബിൾ മേഖലയിലെ പ്രവർത്തനങ്ങൾ. ബൈബിൾ സഭാസമൂഹത്തിന് സംലഭ്യമാക്കുകയെന്നത് വചനശുശ്രൂഷയിൽ ഏറെ പ്രധാന്യമർഹിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽതന്നെ മലയാളഭാഷയിൽ കത്തോലിക്കാ വിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങി. ഇതുവരെ പത്ത് വ്യത്യസ്ത കത്തോലിക്കാ ബൈബിൾപരിഭാഷകൾ കേരളത്തിൽ വെളിച്ചം കണ്ടിട്ടുണ്ട്. കേരള കത്തേലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ പിഒസി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് നാല്പത് വർഷം തികയുകയാണ്. കെസിബിസിയുടെ നിർദേശപ്രകാരം ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ആദ്യ പിഒസിപരിഭാഷ ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മൂലഭാഷകളുമായി ഒത്തുനോക്കി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പരിഷ്കരിച്ച പുതിയനിയമം പഠനബൈബിളായി 2020 ൽ പ്രസിദ്ധീകരിച്ചു. പഴയനിയമപരിഷ്കരണം അവസാനഘട്ട ഭാഷാസംശോധനയ്ക്കു വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ബൈബിൾ വിവർത്തക സംഘത്തെയും പിഒസി നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കാം. മൂലഭാഷയോട് ഏറ്റവും അടുത്തുനില്ക്കുന്ന ഈ പുതിയ പതിപ്പ് ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശ്വാസികളെ സഹായിക്കുമെന്നതിൽ സംശയമില്ല.

വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ലോഗോസ് ക്വിസ് ഇത്തവണ കൊറോണയുടെ പശ്ചാത്തലത്തിൽ ഡിസംബർ മാസം പതിവിലും വ്യത്യസ്തമായി എളിയ രീതിയിലാണ് നടത്തുന്നത്. പ്രവർത്തനസാധ്യതകൾ പരിമിതമായ ഈ സമയത്തും പല രൂപതകളും ഇടവകകളും ബൈബിൾ ആസ്പദമാക്കി ക്രിയാത്മകങ്ങളായ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന ബൈബിൾ യുട്യൂബ് വീഡിയോകൾ ഓൺലൈൻ ആയി ബൈബിൾ പഠിക്കുന്നവർക്കും ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന

ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുക്കുന്നവർക്കും സഹായകമാണ്.

നാം ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ 'തിരുവചനമണിക്കൂർ' ആയി നമ്മുടെ എല്ലാ ഇടവകസമൂഹങ്ങളും ആചരിക്കണമെന്ന് താല്പ്പര്യപ്പെടുന്നു. ഇടവകയിലെ കുടുംബങ്ങൾക്കായി നിശ്ചയിച്ചുകൊടുക്കുന്ന സമ്പൂർണബൈബിളിലെ ഭാഗങ്ങൾ എല്ലാ ഭവനങ്ങളിലും ഈ ഒരു മണിക്കൂർ തുടർച്ചയായി വായിച്ചാൽ എല്ലാ ഇടവകകളിലും സമ്പൂർണബൈബിൾ പാരായണം ഒരു മണിക്കൂർകൊണ്ട് പൂർത്തിയാക്കാൻ സാധിക്കും. സൗകര്യപ്പെടുന്ന ഇടവകകൾ അഖണ്ഡബൈബിൾ പാരായണം നേരിട്ടോ, ഓൺലൈൻ ആയോ സംഘടിപ്പിക്കുന്നതും നന്നായിരിക്കും.

ബൈബിൾ ഞായറാഴ്ച നിങ്ങൾ നൽകുന്ന സംഭാവന രൂപതകളുടെയും കെസിബിസിയുടെയും ബൈബിൾ പ്രേഷിത പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. വചനത്തിൽ ആഴപ്പെട്ട് 'സദ്വാർത്തയുടെ' പ്രേഷിതരും സമൂഹത്തിൽ ഐക്യത്തിന്റെ കണ്ണികൾ സുദൃഢമാക്കുന്നവരും ആകാൻ ആഹ്വാനം ചെയ്തുകൊണ്ടും മാംസംധരിച്ച വചനമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

2021 ഡിസംബർ 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനങ്ങൾ

| | | |
|---|---|---|
| ഫാ. ജേക്കബ് കപ്പിലുമാക്കൽ | : | വികാരി, കൂമുള്ളി. |
| ഫാ. ജേക്കബ് കിഴക്കേവീട്ടിൽ | : | താത്ക്കാലിക വികാരി, പാത്തിപ്പാറ. |
| ഫാ. റോണി പോൾ കാവിൽ | : | ഡയറക്ടർ, നേഴ്സസ് ഗിൽഡ്. |
| ഫാ. ജോസഫ് പുത്തേട്ടുപടവിൽ | : | വിടുതൽ, പാത്തിപ്പാറ. |

### 2. വൈദികരുടെ പൊതു മാസധ്യാനം

ക്രിസ്തുമസ്സിനൊരുക്കമായി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന വൈദികരുടെ പൊതുമാസധ്യാനം 2021 ഡിസംബർ 21 ചൊവ്വാഴ്ച, നമ്മുടെ രൂപതയിൽ താമരശ്ശേരി, പുല്ലാഞ്ഞിമേട് പുതുതായി ആരംഭിച്ച ഒയാസിസ് ഹോമിൽ (Senior Care Home) വച്ചായിരിക്കും നടത്തുന്നത്. വൈദികരെല്ലാം രാവിലെ 10 മണിക്ക് തന്നെ ഒയാസിസിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

### 3. എയ്ഡർ ഫൗണ്ടേഷൻ (ഹെൽപ് ഡെസ്ക്) ഉദ്ഘാടനം

നമ്മുടെ രൂപതയുടെ പബ്ലിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന 'എയ്ഡർ ഫൗണ്ടേഷൻ' (Aider Foundation) ഹെൽപ്പ് ഡെസ്കിന്റെ ഉദ്ഘാടനം 2021 നവംബർ 29ന് താമരശ്ശേരി മേരിമാതാ കത്തീഡ്രൽ പാരിഷ് ഹാളിൽ വെച്ച് രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

എയ്ഡർ ഫൗണ്ടേഷന്റെ സേവനങ്ങളെ 5 പ്രധാന മേഖലകളായി തിരിച്ചിരിക്കുന്നു: EWS സേവനങ്ങൾ, സാമൂഹിക ക്ഷേമപദ്ധതികൾ, വിദ്യഭ്യാസ സേവനങ്ങൾ, ജാഗ്രതാ സമിതി, ദുരന്തനിവാരണ സേവനങ്ങൾ എന്നിവയാണത്.

സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, വായ്പാ പദ്ധതികൾ, പി.എസ്.സി വിജ്ഞാപനങ്ങൾ, രൂപതയുടെ വിവിധ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന വിദ്യാഭ്യാസ സേവനങ്ങൾ തുടങ്ങിയവ കൃത്യമായും സമയബന്ധിതമായും അർഹരായ രൂപതാംഗങ്ങളിലേക്ക് എത്തിക്കുക, കുടുംബ പ്രശ്നങ്ങളുടെ യും, വ്യക്തിഗത പ്രതിസന്ധികളുടെയും, പഠന വൈകല്യങ്ങളുടെയും മേഖലകളിൽ കൗൺസിലിങ്ങും വ്യക്തിഗത സഹായവും തേടുന്നവരെ സഹായിക്കുക, നിയമ സഹായം ആവശ്യമുള്ളവർക്ക് അവ നൽകുക, പ്രകൃതി ദുരന്തങ്ങളെയും മറ്റ് അടിയന്തര സാഹചര്യങ്ങളെ യും നേരിടാൻവേണ്ട തയ്യാറെടുപ്പുകൾ നടത്തുക തുടങ്ങിയവയാണ് 'എയ്ഡർ ഫൗണ്ടേഷൻ' ലക്ഷ്യം വയ്ക്കുന്നത്.

aiderfoundation.org എന്ന വെബ് അഡ്രസ്സ് വഴി 'എയ്ഡർ ഫൗണ്ടേഷൻ' വെബ്സൈറ്റ് സന്ദർശിക്കുവാനും വിവിധ പദ്ധതികളെ പരിചയപ്പെടുവാനും സാധിക്കും.

തിങ്കൾ മുതൽ ശനി വരെ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ എയ്ഡർ ഫൗണ്ടേഷൻ ഹെൽപ്പ് ലൈൻ നമ്പർ പ്രവർത്തിക്കുന്നതാണ്. വെബ്സൈറ്റിൽ ലഭ്യമായ പദ്ധതികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും സഹായങ്ങൾക്കും ഈ നമ്പറിൽ വിളിക്കാവുന്നതാണ്: ഹെൽപ്ലൈൻ നമ്പർ 9446788884.

ഹെൽപ് ഡെസ്കിന്റെ സേവനങ്ങൾ ഉപയോഗിക്കുവാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

### 4. കരോൾ പിരിവ്

ഇടവകകളിൽ നടത്തുന്ന ക്രിസ്തുമസ്സ് കരോൾ പിരിവിൽ ലഭിക്കുന്ന തുക രൂപതയിലെ വൈദികർക്കും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനും വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ഈ ആവശ്യത്തിലേക്കായി എല്ലാ ഫൊറോന കേന്ദ്രങ്ങളിലേക്കും ഇതിനുള്ള കവറുകൾ എത്തിച്ചുതരുന്നതായിരിക്കും. ഇക്കാര്യം ഇടവകയിൽ നേരത്തെ അറിയിക്കുകയും ലഭിക്കുന്ന തുക രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 5. തിരുപ്പട്ട സ്വീകരണം

ഈ വർഷം നമ്മുടെ രൂപതയിലെ 6 ഡീക്കന്മാരുടെയും തിരുപ്പട്ട സ്വീകരണം ഡിസംബർ 27 മുതൽ ജനുവരി 1-ാം തിയ്യതി വരെ അവരവരുടെ ഇടവകകളിൽ വെച്ച് നടത്തപ്പെടുന്നു. ബഹു. ഡീക്കന്മാർ ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

### 6. വി. യൗസേപ്പിതാവിന്റെ വർഷം - സമാപനം

2021 വി. യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുകയായിരു ന്നല്ലോ. യൗസേപ്പിതാവിന്റെ വർഷ സമാപനം 2020 ഡിസംബർ 26-ാം തീയതി, തിരുക്കുടുംബത്തിന്റെ തിരുന്നാൾ ദിനമായ ഞായറാഴ്ച യാണ്. അന്നേ ദിവസം ഭവനങ്ങളിൽ കുടുംബപ്രതിഷ്ഠ നടത്തിയും ദൈവാലയങ്ങളിൽ പ്രത്യേകമായ പ്രാർത്ഥനകൾ നടത്തിയും കുടുംബവർഷാചരണം സമാപിപ്പിക്കാവുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, ഒരു ദിവസം ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുന്നാൾ സമുചിതമായി ആഘോഷിക്കേണ്ടതാണ്.

### 7. തിരുനാളാഘോഷങ്ങൾ

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തിരുനാൾ ആഘോഷങ്ങൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ലളിതമായി നടത്താൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഇടവകയുടെയും ആ പ്രദേശത്തിന്റെയും സാഹചര്യങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്.

### 8. സ്വാഗതം - അഭിനന്ദനങ്ങൾ

റോമിലെ മിലാൻ യൂണിവേഴ്സിറ്റിയിൽ നിന്നും മാധ്യമ-അജപാലന ദൈവ ശാസ്ത്രത്തിൽ (Being a Christian in the Digital Era, Pastoral Hurdles to Reach Digital Natives and Millennials" ഡോക്ടറേറ്റ് കരസ്ഥമാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്ന റവ. ഡോ. ജേക്കബ് (സുബിൻ) കിഴക്കേവീട്ടിൽ അച്ചന് അഭിനന്ദനങ്ങളും സ്വാഗതവും ആശംസിക്കുന്നു.

ഫോൺ നമ്പർ : 9744458111

### 9. ജൂബിലി ആശംസകൾ

പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ **മാർ ജോർജ്ജ് ഞരളക്കാട്ട്** പിതാവിന് താമരശ്ശേരി രൂപതാകുടുംബത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന **ബഹു. മോൺ. ആന്റണി കൊഴുവനാൽ, ഫാ. തോമസ് വട്ടോട്ടുതറപ്പേൽ, ഫാ. സൈമൺ വള്ളോപ്പിള്ളി** എന്നിവർക്ക് ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. കുടിയേറ്റ ജനതയുടെ സമഗ്രവളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്ത് പൗരോഹിത്യ ശുശ്രൂഷകളിലൂടെ ദൈവജനത്തിന് സുവിശേഷമായി മാറിയ ബഹു. വൈദികർക്ക് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന **ബഹു. ഫാ. ജോർജ്ജ് മുണ്ടനാട്ട്, ഫാ. ജേക്കബ് കൂത്തൂർ, ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, ഫാ. ഡൊമിനിക് തൂങ്കുഴി** എന്നിവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. കഴിഞ്ഞ 25 വർഷങ്ങളിൽ താമരശ്ശേരി രൂപതയിലെ ദൈവജനത്തിന് വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്ത നിങ്ങളെ അഭിനന്ദിക്കുന്നു. നിത്യപുരോഹിതനായ ഈശോയുടെ ഹൃദയഭാവങ്ങൾ ഉൾക്കൊണ്ട് ഇനിയും പൗരോഹിത്യ വഴിയിൽ കർമ്മനിരതരാകാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ബഹു. സെബാസ്റ്റ്യൻ വടക്കേൽ അച്ചൻ പൗരോഹിത്യ സുവർണ ജൂബിലിയിലേക്ക് പ്രവേശിക്കുന്നു.** ജൂബിലി വർഷം ബഹു. അച്ചന് പിന്നിട്ട വഴികളെയോർത്ത് ദൈവത്തിനും സഹോദരങ്ങൾക്കും നന്ദിയർപ്പിക്കാനുള്ള അവസരമാകട്ടെ.

**പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയിലേക്ക് പ്രവേശിക്കുന്നത് ബഹു. ഫാ. ജെയിംസ് പുൽത്തകിടിയിൽ, ഫാ. ജോസഫ് തേക്കുംകാട്ടിൽ, ഫാ. ജോസഫ് കൂനാനിക്കൽ, ഫാ. ജോസഫ് മഞ്ഞക്കഴക്കുന്നേൽ, ഫാ. എബ്രഹാം വയലിൽ, ഫാ. മാത്യു പെരുവേലിൽ, ഫാ. വർഗ്ഗീസ് മഠത്തിക്കുന്നേൽ** എന്നീ വൈദികരാണ്. ദൈവത്തിന് നന്ദി പറഞ്ഞ് കൂടുതൽ തീഷ്ണതയോടെ പൗരോഹിത്യ ശുശ്രൂഷയിൽ മുന്നോട്ടുപോകാൻ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**9. ആരാധനക്രമ പഞ്ചാംഗം - കലണ്ടർ, നവീകരിച്ച തക്സ, കുർബ്ബാന പുസ്തകം**

2022 ലെ ആരാധനക്രമ പഞ്ചാംഗവും തിരുവചന കലണ്ടറും നവീകരിച്ച തക്സയും കുർബ്ബാന പുസ്തകവും രൂപതാഭവനിൽ നിന്നും ലഭ്യമാണ്.

**10. അഭിനന്ദനങ്ങൾ... ആശംസകൾ...**

സി.ആർ.ഐ. (കോൺഫറൻസ് ഓഫ് റിലീജിയസ് ഇന്ത്യ) വൈദിക വിഭാഗം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട, സി.എം.ഐ. കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ വെരി. റവ. തോമസ് തെക്കേൽ സി.എം.ഐ. അച്ചന് താമരശ്ശേരി രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

എഫ്.സി.സി. സന്യാസസമൂഹത്തിന്റെ താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി ജോൺ എഫ്.സി.സി. യ്ക്കും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ടീമംഗങ്ങൾക്കും താമരശ്ശേരി രൂപതാകുടുംബത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

**11. സ്മരണാഞ്ജലി**

14-12-1982 - റവ. ഫാ. അബ്രാഹം കുഴിമുള്ളോരം
**24-12-1998 - റവ. ഫാ. ജോർജ് തടത്തിൽ**
**24-12-2011 - റവ. ഫാ. അഗസ്റ്റിൻ കീലത്ത്**
25-12-1983 - റവ. ഫാ. അഗസ്റ്റ്യൻ കിഴക്കാരക്കാട്ട്
25-12-2001 - റവ. ഫാ. ഫ്രാൻസിസ് അറയ്ക്കൽ
26-12-1994 - റവ. ഫാ. ജോസ് മുക്കാട്ട്
**29-12-2018 - റവ. ഫാ. ജോസഫ് കാളക്കുഴി**

**പ്രോട്ടോസിഞ്ചെല്ലൂസ്**




## താമരശ്ശേരി രൂപതയ്ക്കുവേണ്ടി 2021 ൽ തിരുപ്പട്ടം സ്വീകരിക്കുന്നവർ

**പീറ്റർ പൂതർമണ്ണിൽ**
ഇടവക : പാതിരിക്കോട്
തീയതി : 27.12.2021
സമയം : 9.15 am

**ജോർജ്ജ് പുരയിടത്തിൽ**
ഇടവക : പുല്ലൂരാംപാറ
തീയതി : 28.12.2021
സമയം : 9.15 am

**അഗസ്റ്റിൻ തുറവയ്ക്കൽ**
ഇടവക : കുളത്തുവയൽ
തീയതി : 29.12.2021
സമയം : 9.15 am

**ജോർജ്ജ് നരിവേലിൽ**
ഇടവക : തോട്ടുമുക്കം
തീയതി : 30.12.2021
സമയം : 9.15 am

**ജോസഫ് പുത്തൻപുരക്കൽ**
ഇടവക : കാക്കവയൽ
തീയതി : 31.12.2021
സമയം : 9.15 am

**തോമസ് പുലയംപറമ്പിൽ**
ഇടവക : കോടഞ്ചേരി
തീയതി : 01.01.2022
സമയം : 9.15 am

# വിശ്വാസപരിശീലനം

"അതിനാൽ കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും" (ഏശയ്യ 7:14). ദൈവസ്നേഹത്തിന്റെ പ്രകടമായ അടയാളമാണ് യേശുക്രിസ്തുവിന്റെ ജനനം. ദൈവത്തിന് ഭൂമിയിൽ വന്ന് മനുഷ്യരോടുകൂടെ (ഇമ്മാനുവേൽ) ആയിരിക്കാൻ അവൻ കന്യകയായ മറിയത്തെ പ്രത്യേകമായി തെരഞ്ഞെടുത്തു. ദൈവം നമ്മോടുകൂടെയുണ്ട് എന്ന് ബോധ്യപ്പെടേണ്ട കാലമാണ് മംഗളവാർത്തക്കാലം. നമ്മുടെ വേദനകളിലും, സഹനങ്ങളിലും, രോഗങ്ങളിലും അപകടവേളകളിലും ദൈവം നമ്മോടുകൂടെയുണ്ട് എന്ന വലിയ സത്യം തിരിച്ചറിഞ്ഞാൽ എത്ര വലിയ സന്തോഷമാണ് നാം ഓരോരുത്തരും അനുഭവിക്കുന്നത്.

വിശുദ്ധ മരിയ ഫൗസ്റ്റീനയോട് ഈശോ പറഞ്ഞു. "മാരകപാപം വഴിയല്ലാതെ ഒരിക്കലും ഞാൻ ഒരു ആത്മാവിൽ നിന്ന് അകന്നു പോകുന്നില്ല." നമ്മോടുകൂടെ വസിക്കുന്ന ദൈവത്തിൽ നിന്ന് നാം അകന്നുപോകുന്ന, അല്ലെങ്കിൽ ദൈവത്തെ അകറ്റിനിർത്തുന്ന ഏകകാര്യം പാപമാണ് എന്ന് നമുക്ക് മനസ്സിലാക്കാം. ഈ മംഗളവാർത്തകാലത്ത് പാപങ്ങളെക്കുറിച്ച് അനുതപിച്ച്, പാപത്തെ വെറുത്തുപേക്ഷിച്ച്, പ്രായശ്ചിത്തപരിഹാര പ്രവർത്തികൾ ചെയ്ത് നമ്മോടുകൂടെ ആയിരിക്കുന്ന ഇമ്മാനുവേലിന്റെ ജീവിക്കുന്ന സാന്നിധ്യം അനുഭവിക്കാൻ നമുക്ക് പരിശ്രമിക്കാം.

### മതാധ്യാപകദിന സന്ദേശം

വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിവസമായ നവംബർ 4 ന് രൂപതാ ഡയറക്ടർ ഫാ. ജോൺ പള്ളിയ്ക്കാവയലിൽ വിശുദ്ധന്റെ ജീവിതത്തെ അടിസ്ഥാനമാക്കി മതാധ്യാപകദിന സന്ദേശം നൽകി. മതാധ്യാപകദിനത്തോടനുബന്ധിച്ച് നവംബർ 7 ഞായറാഴ്ച വിവിധ ഇടവകകളിൽ മതാധ്യാപകരെ ആദരിക്കുകയും മതാധ്യാപകദിന ആശംസകൾ നേരുകയും ചെയ്തു.

### പന്തല്ലൂർ ഇടവക സന്ദർശനം

ഒക്ടോബർ 31-ാം തീയതി ഞായറാഴ്ച ജപമാല സമാപനത്തോടനുബന്ധിച്ച് രൂപതാ ഡയറക്ടർ പന്തല്ലൂർ ഇടവക സന്ദർശിക്കുകയും വിശുദ്ധ ബലിയർപ്പിച്ച് ജപമാലയർപ്പണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സന്ദേശം നൽകുകയും ചെയ്തു. വിശുദ്ധ കുർബാനയ്ക്ക് ശേഷം ബഹുമാനപ്പെട്ട വികാരി ഫാ. മാത്യു തിട്ടയിലച്ചന്റെ അധ്യക്ഷതയിൽ മതാധ്യാപകർ എല്ലാവരും ഒന്നിച്ചുകൂടുകയും വിശ്വാസപരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## മതാധ്യാപക വെബിനാർ (*ALIVE ME*)

വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ *Antiquum Ministerium* (പൗരാണിക ശുശ്രൂഷ) എന്ന അപ്പസ്തോലിക ലേഖനത്തെ ആധാരമാക്കി വിശ്വാസപരിശീലകർക്കുവേണ്ടി ഒരു ഓൺലൈൻവെബിനാർ നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വെബിനാർ ഉദ്ഘാടനം ചെയ്യുകയും റവ. ഡോ. ടോം ഓലിയക്കരോട്ട് മുഖ്യസന്ദേശം നൽകുകയും ചെയ്തു.

## Fides (വിശ്വാസ യാത്ര)

10, 11, 12 ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി വിശ്വാസ ജീവിതവുമായി ബന്ധപ്പെട്ട '*വിശ്വാസ യാത്ര*' എന്ന പേരിൽ 3 ഓൺലൈൻ ക്ലാസുകൾ ബഹു. ഫാ . തോമസ് പുതിയാപറമ്പിൽ നൽകി. 10, 11, 12 ക്ലാസുകളിലെ കുട്ടികളുടെ പാഠ്യവിഷയവുമായി ബന്ധപ്പെട്ട ഈ ക്ലാസുകളിൽ നിന്ന് പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## സഭാവാർത്തകൾ

സഭാജീവിതത്തിന്റെ താളങ്ങളും, ചലനങ്ങളും സംഗ്രഹിച്ചുകൊണ്ട് 2021 നവംബർ 21 ഞായറാഴ്ച Rayyan Shinto തടത്തിൽ (സെന്റ് ജോസഫ് ചർച്ച് കരിയാത്തുംപാറ) സഭാവാർത്തകൾ അവതരിപ്പിച്ചു.

## HCC യൂണിവേഴ്സിറ്റി പരീക്ഷകൾ - 2022

എല്ലാ വർഷത്തെയുംപോലെ HCC യൂണിവേഴ്സിറ്റി പരീക്ഷകൾ 2022 ജനുവരി 26 ന് നടത്തുന്നതാണ്. പരീക്ഷ സമയം, നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പിന്നാലെ നൽകുന്നതാണ്. പരീക്ഷയുടെ സിലബസും, മാർക്ക് വിഭജനവും കുട്ടികളെ അറിയിക്കണമെന്ന് അധ്യാപകരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## ജൂബിലി സംഗമവും, അവാർഡ് ദാനവും

2019 -20, 2020-21 വർഷക്കാലത്ത് വിശ്വാസപരിശീലനത്തിൽ 25 വർഷം തികച്ച അധ്യാപകർ, 1 മുതൽ 12 ക്ലാസുവരെ ഒരു ഹാജർ പോലും മുടക്കാത്ത കുട്ടികൾ, HCC റാങ്ക് ജേതാക്കൾ, അധ്യാപകരുടെ മത്സരപരീക്ഷകൾ, ക്വിസ് മത്സരങ്ങൾ എന്നിവക്ക് സമ്മാനം ലഭിച്ചവർ, ഓൺലൈൻ വിശ്വാസപരിശീലനത്തിന്റെ ഭാഗമായി നടന്ന വിവിധ ഓൺലൈൻ മത്സരങ്ങളിൽ സമ്മാനാർഹരായവർ എന്നിവരെ ആദരിക്കാനും, സമ്മാനങ്ങൾ നൽകാനുമായി 2021 നവംബർ 13 ശനി താമരശ്ശേരി രൂപതാഭവന്റെ ഓഡിറ്റോറിയത്തിൽ വെച്ച് ഒരു സംഗമം നടത്തി. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് അദ്ധ്യക്ഷപദം അലങ്കരിച്ച് ഏവർക്കും അഭിനന്ദനങ്ങളും നന്ദിയും അർപ്പിച്ചു. മോൺ. ജോൺ ഒറവുങ്കരയച്ചൻ ഏവർക്കും ആശംസകളർപ്പിച്ചു. സ്നേഹവിരുന്നോടെ അവസാനിച്ചു.

## 2019–2020 100% Attendance and Full Participation

(ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ മുടങ്ങാതെ വിശ്വാസ പരിശീലന ക്ലാസ്സിൽ പങ്കെടുത്ത കുട്ടികൾ)

1. Albin Saji Chennaattu - Kundayithode
2. Alfred Johnson Kunnumpurath - Pulloorampara
3. Amala Rose K. Shaji Kannanayakkal - Manjeri
4. Athulya C. Joseph - Kallanode
5. Nithya Kurian Cherolickal - Chakkittapara
6. Rinu Shyvi Chirapurath - Kattullamala
7. Sneha John Vazhayil - Manjakadavu
8. Delmiya biju Pulayamparambil - Kannoth

## 2020-2021 100% Attendance and Full Participation

1. Aparna Thomas Tharakunnel - Thottumukkom
2. Binitta Liju Olikkara - Vettathur
3. Helen Treesa Johnson Kolleratte - Mariyapuram
4. Joel Karinatt - Kuroottupara
5. John Paul - Mavoor
6. Maria Benny - Paroppady
7. Roselin Thineparambil - Thiruvambady
8. Sandra Sajan - Thekkumkutty

## 2019-2020 HCC I Rank Holders

1. 1st Prize: Darshana Jose Mookkilikattu - Koodaranji
2. 2nd Prize: Aparna Thomas Tharakunnel - Thottumukkom
3. 3rd Prize: Anfia Clara Jose Eyyalil - Thazhekode

## 2020-2021 HCC-I Grade Holders

1. Jeeva Jose Marappilli - Pullurampara
2. Anupama Mary Joseph - Thiruvambady
3. Melby Chembukandathil - Cheerattamala
4. Alaine Ann Joseph Thyparambil - Thottumukkam

## 2019-2020 HCC II Rank Holders

1. 1st Prize: Delna Thomas Theekuzhivayalil - Chakkittapara
2. 2nd Prize: Nayana Manoj Tharappil - Thiruvambady
3. 3rd Prize: Dawn Geo Reju Kadalkkarottu - Chevayoor

## 2020-2021 HCC-II Grade Holders

1. Darshana Jose Mookkilikattu, - Koodaranji
2. Aparna Thomas Tharakunnel - Thottumukkom
3. Niya Jaimes - Cherattamala
4. Sandra Joshy poovatholil - Panampilavu
5. Christo Shibu Edatt - Chakkittapara

## 2019-2020) Advanced Self-Study Programme for Catechism Teachers (ASPCT)

1st Prize: Beena Chakkummoottil - Koorottupara
2nd Prize: Rev. Sr. Bini DST - Malaparambu
3rd Prize: Rev. Sr. Mariet SD - Pulloorampara

## Teach a Saint 2 Reach a Saint (Session A)

1st Prize: jiji Mattel - Tirur
2nd Prize: Babu Mettayil - Mukkom
3rd Prize: Josy Athirakulangara - Oravumpuram
3rd Prize: Lini Thaiparambil - Chakkittapara

## Teach a Saint 2 Reach a Saint (Session B)

1st Prize: Saji Chennattu - Kundayithode
2nd Prize: Shiju Kuzhikandathil - Kottackal
3rd Prize: Ann Blessy Puthanpurackal - Thiruvambady

## Teach a Saint 2 Reach a Saint (SessionC)

1st Prize: Robin Palamuriyil - Manjakadavu

2nd Prize: Smitha Varambel - Thenjippalam

3rd Prize: Jose Pulorathil - Perinthalmanna

## 2020-2021 Quiz- Cat Round 1

1st Prize : Sr. Soja John MSMI - Kulathuvayal

2nd Prize : Lini Thomas Thaiparambil - Chakkittapara

3rd Prize : Sr. Deepa Mathew FCC - Manjakunnu

## 2019-2020 - 25 Years Services

1. Joseph T. J. Themmalayil - Theyyapara
2. Joy Chacko Thacharkuzhiyil - Payyanad

| | | |
|---|---|---|
| 3. Omana Kunnel | - | Payyanad |
| 4. Antony Chakkungal | - | Malaparamb |
| 5. Sr. Anie Abraham FCC | - | Kodanchery |
| 6. Sr. Treesa Jose CMC | - | Thiruvambady |
| 7. Jolly Joseph Unnieppillil | - | Thiruvambady |
| 8. Reetha Kuttipoovathinkal | - | Nooramthode |
| 9. Sr. Mary Vincentia CHF | - | Kadalundy |
| 10. Sr. Ignatia SABS | - | Chundathumpoil |
| 11. Bijoy P. Mathew Poothakuzhy | - | Kunduthode |
| 12. Sr. Ambika SD | - | Devagiri |
| 13. Benny C. Chirattavayalil | - | Chakkittapara |
| 14. Rosamma Chamakkalayil | - | Thenjippalam |

## 2020-2021 - 25 Years Services

| | | |
|---|---|---|
| 1. Jolly Thomas Kochuparambil | - | Koodaranhi |
| 2. Josekutty Mukkattukavil | - | Kakkavayal |
| 3. Mary Sebastian Parathamala | - | Valiyakolly |
| 4. Mary Kutty Joseph | - | Peedikapara |
| 5. Moly George Moozhikuzhiyil | - | Vendekkumpoyil |
| 6. Mr. Vincent Kundukulangara | - | Amalapury |
| 7. Raju Antony | - | Kuliramutty |
| 8. Sani Thomas Mookanthottam | - | Vettathur |
| 9. Sebastian Mazhuvanchery | - | Koodaranhi |
| 10. Sr. Johnslin Theres S.H | - | Chembukadavu |
| 11. Sr. Lisa Maria S.H | - | Kulathuvayal |
| 12. Thomas Vellenchirayil | - | Koodaranji |
| 13. Jim Mathew Karakozhupil | - | Koorachundu |
| 14. George Mathew Anikkattu | - | Koorachundu |
| 15. Devasia Kathirolil | - | Karingad |
| 16. Jessy Kattakayam | - | Karingad |
| 17. Denny Elampurayidathil | - | Muthukad |
| 18. Jose Kuzhambil | - | Pushpagiri |
| 19. Santhamma Varghese Puthiyaparambil | - | Erude |
| 20. Mary Mathew Vadekkemuriyil | - | Chathangottunada |

## Quiz Cat Round -2

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായ Quiz Cat Round 2 2021 നവംബർ 28 ഞായർ 2.30 pm 2.45 pm വരെ നടന്നു. ഗൂഗിൾ ഫോം വഴി ഓൺലൈനായി നടത്തിയ പരീക്ഷയിൽ വിശ്വാസപരിശീലകരെല്ലാവരും തന്നെ പങ്കെടുത്തു.

## മാതാപിതാക്കളുടെ ക്ലാസ്സ്

2021 നവംബർ 14 ഞായർ മതബോധന ഡയറക്ടർ കട്ടിപ്പാറ ഇടവക സന്ദർശിച്ച് ബലിയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി. അന്നേദിവസം വിശുദ്ധ കുർബാനയ്ക്ക്ശേഷം വിശ്വാസംപരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരുടെ സംഗമം സംഘടിപ്പിക്കുകയും അവർക്കുവേണ്ടി കുടുംബകേന്ദ്രീകൃത വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയെകുറിച്ച് സംസാരിക്കുകയും ചെയ്തു.

## ഡിസംബർ മാസപ്രോഗ്രാം

| | | |
|---|---|---|
| 1 ബുധൻ | - | ഇരുപത്തഞ്ചു നോമ്പാരംഭം |
| 3. വെള്ളി | - | വി. ഫ്രാൻസിസ് സേവ്യർ |
| 5 ഞായർ | - | മംഗലവാർത്താക്കാലം 2-ാം ഞായർ |
| 8 ബുധൻ | - | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| 11 ശനി | - | രൂപതാ മതബോധന കമ്മറ്റി-രൂപതാ ഭവൻ |
| 12 ഞായർ | - | മംഗലവാർത്തക്കാലം 3-ാം ഞായർ |
| 14 ചൊവ്വ | - | കുരിശിന്റെ വി. യോഹന്നാൻ |
| 19 ഞായർ | - | മംഗലവാർത്താക്കാലം 4-ാം ഞായർ |
| 25 ശനി | - | ക്രിസ്തുമസ്സ് |
| 26 ഞായർ | - | ക്രിസ്തുമസ് അവധി-വേദപാഠം ഉണ്ടായിരിക്കുന്നതല്ല, വി. എസ്തപ്പാനോസ് |
| 27 തിങ്കൾ | - | വി. യോഹന്നാൻ ശ്ലീഹാ |
| 28 ചൊവ്വ | - | കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം) |
| 29 ഞായർ | - | പിറവിക്കാലം 1-ാം ഞായർ |
| 31 വെള്ളി | - | വർഷാവസാനം |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ചെറുപുഷ്പ മിഷൻലീഗ്

## സംസ്ഥാനതല പ്രോഗ്രാം ആദരം

സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ അധ്യാപകർക്കുള്ള ആദരം നവംബർ ഏഴാം തീയതി മുക്കം സേക്രട്ട് ഹാർട്ട് ഇടവകയിൽ വച്ച് നടത്തി. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഇടവക വികാരി റവ. ഫാ. അജി പുതിയാപറമ്പിൽ, ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, സംസ്ഥാന സെക്രട്ടറി ജിന്റോ തകിടിയേൽ, രൂപതാ പ്രസിഡണ്ട് ശ്രീ. ജോയ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

## രൂപതാ എക്സിക്യൂട്ടീവ്

നവംബർ 4 ന് രൂപതാ ഓഫീസിൽ വെച്ച് എക്സിക്യൂട്ടീവ് യോഗം ചേർന്നു . മതബോധന ഓഫീസ് സന്ദർശിക്കുകയും ഡയറക്ടറച്ചന് മതാധ്യാപക ദിനത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.

## ശാഖാ സന്ദർശനങ്ങൾ

ഈ പ്രവർത്തന വർഷത്തിലെ ശാഖാ സന്ദർശനങ്ങളുടെ ഭാഗമായി മഞ്ഞക്കടവ്, കാക്കവയൽ, കൂടത്തായ്, കരിങ്ങാട്, മുക്കം, ആനിക്കാംപൊയിൽ ശാഖകൾ രൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## SYNONYMS

### What's app Status Video Competition

**വിഷയം : 'മിഷൻലീഗ് എന്റെ മനസ്സിൽ'**

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വാട്സ്ആപ്പ് സ്റ്റാറ്റസ് മത്സരം സംഘടിപ്പിച്ചു.

## സങ്കീർത്തന ഗാനാലാപന മത്സരം

നവംബർ 22ന് ദേവാലയഗായക സംഘങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. സിസിലി രക്തസാക്ഷിയുടെ തിരുനാൾ ദിനം. അതോടനുബന്ധിച്ച് ഇടവക ഗായകസംഘങ്ങൾക്കുവേണ്ടി സങ്കീർത്തനങ്ങൾ അടിസ്ഥാനമാക്കി ഗാനാലാപന മത്സരം നടത്തി.

## വി. യൗസേപ്പിതാവിന്റെ വർഷം

### കവിതാ രചനാ മത്സരം നിബന്ധനകൾ

- മത്സരം രണ്ടു വിഭാഗത്തിൽ സബ് ജൂനിയർ 5,7 ക്ലാസ്സ് ; ജൂനിയർ 8,10 ക്ലാസ്സ്. ആൺപെൺ വിഭാഗങ്ങൾ ഇല്ല .ഒരു ശാഖയിൽ നിന്നും മികച്ച 2 രചനകൾ മേഖലയ്ക്കു നല്കിയശേഷം മേഖലയിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന 2 മികച്ച രചനകൾ രൂപതാ മത്സരത്തിനായി അയയ്ക്കുക.
- Maximum 32 വരികൾ ആണ് എഴുതാവുന്നത്.
- രചനകൾ pdf ഫയൽ രൂപത്തിലാക്കുകയും രചയിതാക്കളുടെ പേര്, വീട്ടുപേര്, ക്ലാസ്, ശാഖ എന്നിവ മറ്റൊരു form ൽ എഴുതുകയും ചെയ്യേണ്ടതാണ്. (രചനകൾക്കൊപ്പം പേരെഴുതരുത്) അതോടൊപ്പം രചയിതാവിന്റെ ഒരു passport size photo യും നല്കേണ്ടതാണ്.
- മേഖലകളിലേയ്ക്ക് ശാഖകളിൽ നിന്നും സ്വീകരിക്കേണ്ട രചനകൾ അയയ്ക്കുവാൻ വേണ്ടി മേഖലാ ഭാരവാഹികളിലൊരാളുടെ gmail address അല്ലെങ്കിൽ whatsapp നമ്പർ ശാഖകൾക്ക് നല്കേണ്ടതാണ്.
- എഴുത്തുഭാഷ മലയാളം മാത്രമേ ഉപയോഗിക്കാവൂ.

ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് രചനകൾ മേഖലയിലേക്ക് നവംബർ 20 ന് മുമ്പ് നല്കുകയും, മേഖലകൾ അതിൽ നിന്നും 2 എണ്ണം തെരെഞ്ഞെടുത്ത് cmlthamarassery@gmail.com ലേയ്ക്ക് നവംബർ 28 ന് മുമ്പ് അയയ്ക്കുകയും ചെയ്യേണ്ടതാണ്. രചനയുടെ ഒരു pdf, രചിച്ചയാളുടെ ഫോട്ടോ എന്നിവ ഓഫീസ് നമ്പറിലേയ്ക്ക് (8606203117) അയയ്ക്കേണ്ടതാണ്.

## ജപമാല ബാങ്ക്

ആഫ്രിക്കൻ മിഷനുവേണ്ടി താമരശ്ശേരി രൂപതാ ചെറുപുഷ്പ മിഷൻ ലീഗ് ഏറ്റെടുത്തിരിക്കുന്ന ജപമാല ബാങ്ക് ജപമാല സംഭരണ പ്രവർത്തനത്തിലേക്ക് ജപമാലകൾ സംഭാവന നൽകേണ്ട അവസാന ദിവസം സിസംബർ 8.

## JINGLE BELLS 2K21

ക്രിസ്തുമസിന് ഒരുക്കമായി ഓരോ ദിവസവും ശാഖകളുടെ നേതൃത്വത്തിൽ ഓരോ വീഡിയോ പ്രോഗ്രാം CML Thamarassery YouTube channel ൽ നല്കപ്പെടുന്നതാണ്.

## സുകൃത മഞ്ജരി സുകൃതമരം ഒരുക്കൽ

ക്രിസ്തുമസിനുള്ള ആത്മീയ ഒരുക്കമായി അതിനുള്ള സുകൃത മഞ്ജരിയും കൂടാതെ ശാഖകൾക്കു അത് മനോഹരമായി ചെയ്യാൻ ഇടവകയിൽ ഒരു സുകൃതമരവും.


## ഡിസംബർ മാസത്തിലെ പ്രോഗ്രാം

1 ബുധൻ – 25 നോമ്പ് ആരംഭം
3 വെള്ളി – **വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ** (സഹമദ്ധ്യസ്ഥൻ), അസാധാരണസമ്മേളനം
8 ബുധൻ – അമലോത്ഭവമാതാവിന്റെ തിരുനാൾ
11 ശനി – രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്
12 ഞായർ – ക്രിസ്തുമസ് ക്ലേമോഡലിംഗ് നിർമ്മാണ മത്സരം
14 ചൊവ്വ – കുരിശിന്റെ വി.യോഹന്നാൻ
19 ഞായർ – കരോൾ ഗാനമത്സരം
25 ശനി – ക്രിസ്തുമസ്
26 ഞായർ – വി.സ്റ്റെഫാനോസ്, **ബൈബിൾ ഞായർ,** ബൈബിൾ പ്രതിഷ്ഠ, അസാധാരണ സമ്മേളനം, തിരുകുടുംബതിരുനാൾ
27 തിങ്കൾ – വി. യോഹന്നാൻ ശ്ലീഹാ
28 ചൊവ്വ – കുഞ്ഞിപൈതങ്ങളുടെ തിരുനാൾ
31 വെള്ളി – വർഷാവസാനം

### *'വളരാൻ വളർത്താൻ'*

- ക്രിസ്തുമസ് ആശംസകൾ അയക്കുക
- പുതുവത്സരത്തിനായി ഒരുങ്ങുക
- മിഷനിൽ പ്രവർത്തിക്കുന്നവർക്ക് ആശംസ കാർഡ് അയയ്ക്കുക.
- വിശുദ്ധരെ അറിയാൻ – വി. സ്റ്റെഫാനോസ്

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്



# തിരുബാലസഖ്യം

## ഡിസംബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| പരിചയപ്പെടുന്ന വിശുദ്ധൻ | : | വി. ഫ്രാൻസിസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം | : | കുഞ്ഞിപൈതങ്ങൾക്കുവേണ്ടി |
| സുകൃതജപം | : | (അതതു ദിവസങ്ങളിൽ നല്കപ്പെടും) |
| വചനം | : | അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം. (ലൂക്ക 2:14) |
| 1 ബുധൻ | : | ഇരുപത്തഞ്ചു നോമ്പാരംഭം |
| 3 വെള്ളി | : | വി. ഫ്രാൻസിസ് സേവ്യർ |
| 5 ഞായർ | : | ലൂക്കാ 1:26-38, കൊളോ. 4:2-6 |
| 8 ബുധൻ | : | പരി. മാതാവിന്റെ അമലോത്ഭവ തിരുനാൾ |
| 12 ഞായർ | : | ക്രിസ്തുമസ് കാർഡ് നിർമ്മാണമത്സരം<br>ലൂക്കാ 1:57-66, എഫേ. 3:1-13 |
| 19 ഞായർ | : | മത്താ. 1:18-24, എഫേ. 5:5-21 |
| 25 ശനി | : | പിറവിതിരുനാൾ |
| 26 ഞായർ | : | തിരുക്കുടുംബദിനം<br>മത്താ. 2:13-14,19-23, കൊളോ. 3:18-21 |
| 27 തിങ്കൾ | : | വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ |
| 28 ചൊവ്വ | : | കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |
| 31 വെള്ളി | : | വർഷാവസാനം |
| പ്രവൃത്തി | : | ഓരോ ആഴ്ചയും ക്രിസ്തുമസുമായി ബന്ധപ്പെട്ട് ഉണ്ണീശോയോടുള്ള ഒരു പ്രാർത്ഥന എഴുതുകയും ഒരു ഗാനം പഠിക്കുകയും ചെയ്യുക. പുൽക്കൂട് നിർമ്മാണത്തിനായി ഒരുങ്ങുക |

## തിരുവഴിയേ തിരുവചസ്സുമായ്

**1st prize**

Anna Maria Sajan Perumpallil, Mylellampara

**2nd prize**

Tiljo Joseph Tharekkadavil, Manjakkunnu.

**3rd prize**

Isha Anna Smith Marottickal, Manjuvayal

## പ്രോത്സാഹന സമ്മാനങ്ങൾ

1. Stara Stanly - STD -1, Kanjirathingal, Koodathai
2. Sera Mary Satheesh - STD -2, Narikkuzhiyil, Kundayithode

## തിരുവഴിയേ തിരുവചസ്സുമായ്

41 വചനങ്ങളും പൂർണ്ണമായി പറഞ്ഞ് മികച്ച പ്രകടനം നടത്തിയവർ

1. Angel Mariya Nighil Mattathil , pushpagiri - STD 4
2. Tessa Joby Parackal, Koodaranji - STD 2
3. Ann Maria Sijo Padinjarethottiyil, Kottakkal - STD 2
4. Dilna Sebastian Kochuparambil, Nenmeni - STD 3
5. Treesa James Chavaranal, Manjuvayal - STD 3
6. Mira Clare MariatVazhayil, Thiruvambady - STD 4
6. Akshay Babu Kannampallil, Kallanode - STD 3

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം






## അഭിനന്ദനങ്ങൾ...
## ആശംസകൾ....

സി.ആർ.ഐ. (കോൺഫറൻസ് ഓഫ് റിലീജിയസ് ഇന്ത്യ) വൈദിക വിഭാഗം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട, സി.എം.ഐ. കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ വെരി. റവ. തോമസ് തെക്കേൽ CMI അച്ചന് താമരശ്ശേരി രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

## അഭിനന്ദനങ്ങൾ ..... പ്രാർത്ഥനകൾ....



എഫ്.സി.സി. താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീം അംഗങ്ങൾക്ക്

**താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാശംസകൾ**

നിൽക്കുന്നവർ ഇടത്തുനിന്ന് : സി. ലറ്റിൻ ജോസ് (കൗൺസിലർ), സി. ആനീസ് (ഫൈനാൻസ് ഓഫീസർ), സി. ജാസ്മിൻ (പ്രൊ. സെക്രട്ടറി).
ഇരിക്കുന്നവർ: ഇടത്തു നിന്ന് : സി. ജയ കരിങ്ങടയിൽ (കൗൺസിലർ), സി. ജ്യോതിസ് (വികാർ പ്രൊവിൻഷ്യൽ),
**സി. ലില്ലി ജോൺ (പ്രൊവിൻഷ്യൽ)**, സി. റിറ്റി ജോസ് (കൗൺസിലർ).

# സെമിനാരി വാർത്തകൾ

## ജപമാല ആചരണം (ഒക്ടോബർ 21-30)

ജപമാല ഭക്തിക്കായി പ്രത്യേകമാംവിധം മാറ്റി വെച്ചിരിക്കുന്ന ഒക്ടോബർ മാസത്തിൽ സെമിനാരിയിൽ ആഘോഷമായ ജപമാല ആചരണം ഒക്ടോബർ 21 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ നടത്തി. മനോഹരമായി മാതാവിനെ അലങ്കരിച്ച് വൈദിക വിദ്യാർത്ഥികൾ ജപമാലയുടെ പത്ത് ദിനങ്ങൾ കൂടുതൽ മനോഹരമാക്കി.

## ഹോം ഡേ (കുടുംബദിനം) നവംബർ 8

സ്നേഹവും ശാസനയും വാത്സല്യവും നിറഞ്ഞുനിൽക്കുന്ന സെമിനാരി കുടുംബം നവംബർ 8ന് കുടുംബദിനമായി ആഘോഷിച്ചു. നിരവധി മത്സരങ്ങൾക്കവസാനം വിജയിച്ചവരെ അനുമോദിച്ചും പിന്നിലായിപ്പോയവരെ ചേർത്തുപിടിച്ചും സെമിനാരി ഹോം ഡേ ആഘോഷമാക്കി. സെമിനാരിയിലെ വൈദികരും വൈദികവിദ്യാർത്ഥികളും ദൈവം ഇന്നോളം നൽകിയ അനുഗ്രഹങ്ങളെപ്രതി അന്നേദിനം ദൈവത്തിന് കൃതജ്ഞതയുടെ ബലിയർപ്പിച്ചു. കുടുംബദിനത്തോടനുബന്ധിച്ച് തുഷാരഗിരിയിലേക്ക് നടത്തിയ ഔട്ടിംഗ് ഏറെ സന്തോഷകരമായിരുന്നു.

## വാർഷിക ധ്യാനം (നവംബർ 10-14)

ആത്മവിശുദ്ധീകരണവും ജീവിത നവീകരണവും ലക്ഷ്യമാക്കി, പരിശീലന വഴിയിലെ വിടവുകളും വിള്ളലുകളും തിരിച്ചറിയുവാനും പരിഹരിക്കുവാനുമുള്ള വലിയ ആഗ്രഹത്തോടെ മൈനർ സെമിനാരി വൈദികവിദ്യാർത്ഥികളും റീജൻസി ബ്രദേഴ്സും ഈ വർഷത്തെ വാർഷിക ധ്യാനത്തിൽ പങ്കുചേർന്നു. വാർഷിക ധ്യാനം മൈനർ സെമിനാരിയിൽ വെച്ച് നവംബർ 10 ന് ആരംഭിച്ച് 14 ന് അവസാനിച്ചു. ചങ്ങനാശ്ശേരി അതിരൂപതാംഗമായ ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി അച്ചൻ ധ്യാനം നയിച്ചു. വചനത്തെ അടിസ്ഥാനമാക്കി ആനുകാലിക പ്രസക്തമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ധ്യാനചിന്തകളും വിചിന്തനങ്ങളും ഏറെ പ്രചോദനാത്മകവും വൈദിക വിദ്യാർത്ഥികളെ ആഴമായ ബോധ്യത്തിലേക്ക് നയിക്കുന്നതുമായിരുന്നു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ മർഗാനീസ എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ നവംബർ മാസത്തെ ക്ലാസുകൾ നടന്നു. നവംബർ 13 ന് ക്ലാസെടുത്തത് താമരശ്ശേരി സനാതന മേജർസെമിനാരി അധ്യാപകനും വിശുദ്ധഗ്രന്ഥ പണ്ഡിതനുമായ ബഹു. ഡോ. പോൾ കുഞ്ഞാനയിൽ MCBS അച്ചനായിരുന്നു.

'വിശുദ്ധ കുർബാനയുടെ തിരുവചന പശ്ചാത്തലം' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. നവംബർ 27 ശനിയാഴ്ച ക്ലാസ് നയിച്ചത് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി അംഗവും താമരശ്ശേരി രൂപതാംഗവുമായ ജോസഫ് കളത്തിൽ അച്ചനാണ്. 'നവീകരിച്ച കുർബാനക്രമം : അറിയേണ്ട കാര്യങ്ങൾ' എന്ന വിഷയമാണ് അദ്ദേഹം എടുത്തത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസുകളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

നവംബർ മാസത്തെ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തന്ന ആൽഫ മരിയ അക്കാദമി ഡയറക്ടർ ബഹു. ജോസഫ് പുളിച്ചമാക്കലച്ചനും അസോസിയേറ്റ് ഡയറക്ടർ ഡൊമിനിക് കുഴിവേലിലച്ചനും റിജോ കൂത്രപ്പള്ളി, നോയൽ വടക്കേപ്പറമ്പിൽ എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു.

## സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# വിദ്യാഭ്യാസരംഗം

## വിദ്യാലയങ്ങൾ തുറന്നു; പഠിതാക്കളെ ആഘോഷപൂർവം വരവേറ്റു.

കോവിഡ് മഹാമാരിയുടെ അതിവ്യാപന പശ്ചാത്തലത്തിൽ മാസങ്ങളായി അടഞ്ഞു കിടന്നിരുന്ന പൊതുവിദ്യാലയങ്ങൾ നവംബർ 1 മുതൽ പ്രവർത്തനം ആരംഭിച്ചു. എല്ലാ കോർപ്പറേറ്റ് സ്കൂളുകളിലും വർണശബളമായ പ്രവേശനോത്സവ പരിപാടികളോടെയാണ് വിദ്യാർത്ഥികളെ എതിരേറ്റത്. ക്ലാസുകൾ ആരംഭിക്കുന്നതിനു മുന്നോടിയായി സ്കൂളും പരിസരവും അറ്റകുറ്റപണികൾ, പെയിന്റിംഗ്, അലങ്കാര ജോലികൾ, പൂന്തോട്ടനിർമ്മാണം എന്നിവ പൂർത്തീകരിച്ച് ആകർഷകമാക്കിയിരുന്നു. അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടത്തി.

## ശിശുദിനാഘോഷം

ഈ വർഷത്തെ ശിശുദിനാഘോഷം പ്രൗഢഗംഭീരമായി വൈവിധ്യമാർന്ന പരിപാടികളോടെ സ്കൂൾ തലത്തിൽ ആചരിച്ചു. കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

## സ്കൂളുകളിൽ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തി

കോർപ്പറേറ്റ് സ്കൂളുകളിൽ സ്റ്റുഡന്റ്സ് കൗൺസിലേഴ്സ് നിയമനത്തിനായി പരിചയസമ്പന്നരുടെ ഒരു വിദഗ്ധ പാനൽ തയ്യാറാക്കുകയും സ്കൂളുകളിലേയ്ക്ക് കൗൺസിലർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

## അധ്യാപക നിയമനം

കോർപ്പറേറ്റിൽപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധ്യാപക ഒഴിവുകളിൽ നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് നവംബർ 1 മുതൽ നിയമനം നടത്തി. കൂടാതെ ഇംഗ്ലീഷ്, മലയാളം, ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ് വിഷയങ്ങളിലെ അധ്യാപക നിയമനാർത്ഥികളുടെ ഇന്റർവ്യു അടക്കമുള്ള സെലക്ഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി.

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## Residential Master Training Course (MTC)

കോവിഡിന്റെ പ്രത്യേകസാഹചര്യത്തിൽ നമ്മൾ online ആയി നടത്തിവരുന്ന സ്റ്റാർട്ടിന്റെ പ്രധാന പരിശീലനപരിപാടിയായ പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടിയുള്ള Master Training Course (MTC) 2022 ജനുവരി 3 മുതൽമാർച്ച് 31 വരെ സ്റ്റാർട്ടിൽവെച്ച് നടത്തപ്പെടുകയാണ്. കഴിഞ്ഞ ജൂൺ 15 ന് ആരംഭിച്ച online കോഴ്സിനോടൊപ്പം ഈ മൂന്ന് മാസം ദൈർഘ്യമുള്ള താമസിച്ചുള്ള പരിശീലനം കൂടിയാ കുമ്പോൾ കുട്ടികൾക്ക് ഉന്നതവിജയം കൈവരിക്കാൻ സാധിക്കുമെന്ന് തീർച്ചയാണ്.

UPSC, PSC, മറ്റ് തൊഴിലധിഷ്ഠിതമായ മത്സരപ്പരീക്ഷകൾ എന്നിവയ്ക്കായി തയ്യാറാകുന്നവർക്കും ഈ പരിശീലനം ഉപകരിക്കും. കൂടാതെ, ഡിഗ്രി പഠനത്തോടൊപ്പംതന്നെ online ആയും ഈ കോഴ്സിൽ പങ്കുചേരാവുന്നതാണ്. സമർത്ഥരും താല്പര്യമുള്ളവരുമായ വിദ്യാർത്ഥികൾ അപേക്ഷിച്ചാൽ ഈബാച്ചിൽ അവർക്ക് അഡ്മിഷൻ നൽകുന്നതാണ്.

## PSC പരിശീലനകോഴ്സ് : 'SPARK' 2, സ്റ്റാർലൈറ്റ് ഇ ലേർണിംഗ് പ്രോഗ്രാം

ഈ വർഷം ഡിഗ്രി, പിജിപഠിക്കുന്നവരും പഠിച്ചുകഴിഞ്ഞവരുമായ യുവജനങ്ങൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നതമത്സരപരീക്ഷകൾ എന്നിവയ്ക്ക് നന്നായി ഒരുങ്ങുന്നതിനായി മെയ് 15 ന് ആരംഭിച്ച നാലുമാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലന പരിപാടിയായ SPARK ന്റെ രണ്ടാമത്തെ ബാച്ച് സെപ്റ്റംബർ 10ന് ആരംഭിച്ച് തുടർന്ന് പോകുന്നു.

അതോടൊപ്പം സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി അഞ്ചാം ക്ലാസ്സുമുതലുള്ള കുട്ടികൾക്കുവേണ്ടി ഏപ്രിൽ മെയ് മാസങ്ങളിൽ ആരംഭിച്ച കോഴ്സിന്റെ അഡ്വാൻസ്ഡ്ലെവൽ കോഴ്സും ഓൺലൈ നായി നടത്തിവരുന്നു.

സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0495 2357843, 8590468035 (whatsapp), e-mail: startindia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ**
അസി. ഡയറക്ടർ

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കൗൺസിലിംഗ്

മാറി മാറി വരുന്ന ജീവിത സാഹചര്യങ്ങളിലും അനുഭവങ്ങളി ലും പകച്ചു നിന്നു പോകുന്നവരുടെയും മാനസിക പിരിമുറുക്കം അനുഭവിക്കുന്നവരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനും ജീവിതസാഹചര്യങ്ങളെ തന്മയത്വത്തോടെ നേരിടുന്നതിനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ JPI യിൽ കൗൺസിലിംഗ് നടത്തപ്പെടുന്നു.

കൗൺസിലിംഗ് ആവശ്യമുള്ളവർ 9037379180 എന്ന നമ്പറിൽ ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു.

## അപ്പോയന്റ്മെന്റ്

2021 നവംബർ മുതൽ കപ്പൂച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപെട്ടിക്കുന്നേൽ OFM Cap (അസി. പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) JPI യിൽ പാർട്ട് ടൈം ഫാക്കൽറ്റിയായി നിയമിച്ചു. കൗൺസിലിംഗ് രംഗത്തും ബഹു. അച്ചന്റെ സേവനം തിങ്കൾ മുതൽ ബുധൻ വരെ സംലഭ്യമാണ്. സി. അനറ്റ് SCV ഓഫീസ് സ്റ്റാഫായി സേവനം ആരംഭിച്ചു.

## ഓഫ്ലൈൻ ക്ലാസ്സ്

സിംഗാനിയ യൂണിവേഴ്സിറ്റിയുമായി കോളാബ്രേറ്റഡ് എം.എസ്.സി. കൗൺസിലിംഗ് സൈക്കോളജിയുടെ മൂന്നാം ബാച്ചിന്റെ (2021-2023 അധ്യയന വർഷം) ഓഫ്ലൈൻ 7-11-2021 ന് ക്ലാസ്സ് ആരംഭിച്ചു. താമരശ്ശേരി രൂപത മെത്രാൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നു.

## ഓൺലൈൻ കോഴ്സുകൾ

1 എം എസ് സി കൗൺസിലിംഗ് സൈക്കോളജി
2 ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി
3 ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് മലയാളം
4 ഡിപ്ലോമ ഇൻ പാസ്റ്ററൽ കൗൺസിലിംഗ് ഇംഗ്ലീഷ്
5 സിസ്റ്റേഴ്സിനു മാത്രമായുള്ള ഡിപ്ലോമ കോഴ്സ്

എന്നീ കോഴ്സുകൾ നടത്തപ്പെടുന്നു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

### ജീസസ് യൂത്ത്

പുതിയതായി കോളേജിൽ ചേർന്ന വിദ്യാർത്ഥികളെ 12/11/2021 വെള്ളിയാഴ്ച ജീസസ് യൂത്തിലേക്ക് സ്വാഗതം ചെയ്തു. 85 ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത മീറ്റിംഗിൽ രണ്ടാം വർഷ വിദ്യാർത്ഥിനി തെരേസ ഈശ്വരപ്രാർത്ഥന ആലപിച്ചു. ജീസസ് യൂത്ത് കോർഡിനേറ്റർ ശ്രീ. റോബിൻ ജോർജ് സ്വാഗതം ആശംസിച്ചു. തുടർന്ന് വിദ്യാർത്ഥികൾക്ക് ഓരോ ദൈവ വചനം നൽകി. ഷോൺ തങ്കച്ചൻ ഗാനം ആലപിച്ചു. വിദ്യാർത്ഥികളോട് കോളേജിലെ ജീസസ് യൂത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് പ്രിൻസിപ്പൽ ചാക്കോ കെ.വി സംസാരിച്ചു. ഫാ. ഷെനിഷ് അഗസ്റ്റിൻ ആശംസകൾ അറിയിച്ചു. ജോയൽ നന്ദി പറഞ്ഞു.

### ആവേമരിയ ഫെല്ലോഷിപ്

ജീസസ് യൂത്ത് ഫെലോഷിപ്പ് ഗാതറിങ് സംഘടിപ്പിച്ചു. റവ. ഫാ. ജെറിൻ തുരുത്തേൽ സി.എം.ഐ തന്റെ ജീവിതത്തിലെ മരിയൻ എൻകൗണ്ടേഴ്സ് പങ്കുവച്ചു. ജീസസ് യൂത്ത് ഭാരവാഹികൾ നേതൃ ത്വം വഹിച്ചു. 30 ഓളം പേർ പ്രോഗ്രാമിൽ സംബന്ധിച്ചു.

### ഏകദിന ഓറിയന്റേഷൻ

തിരുവമ്പാടി: ഒന്നര വർഷത്തിലധികമായി കൊറോണ മഹാമാരി ക്കൊപ്പം വിദ്യാർഥികളെ തളർത്തിയ ഒന്നാണ് ഓൺലൈൻ ക്ലാസ്സും പഠന രീതികളും. ഒടുവിൽ ചെറിയ ആശ്വാസം പകർന്നാണ് കോളേജുകൾ തുറക്കാനുള്ള അനുമതി ലഭിച്ചത്. ഒരുപാട് നാളത്തെ കാത്തി രിപ്പിനൊടുവിലാണ് വിദ്യാർഥികൾ കോളേജിൽ എത്തിചേർന്നത്.കൊറോണ നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ടാണ് ഒത്തുകൂടിയെങ്കിലും അടച്ചുപൂട്ടിയിരുന്ന അന്തരീക്ഷത്തിൽ നിന്നും പറിച്ചുനടപ്പെട്ടവർക്ക് പുതു ആവേശമായിരുന്നു.

### ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം

ക്ലാസ് നയിച്ചത് റവ. ഫാ. ടോബി എസ് ജെ ആയിരുന്നു. അഞ്ച് മണിക്കൂറിലേറെ നീണ്ടു നിന്ന രസകരവും വിജ്ഞാനപ്രദവുമായ പരിപാടി വിദ്യാർത്ഥികളെ തങ്ങളുടെ സ്വപ്നങ്ങൾ കാണാനും അവ കീഴടക്കാനും ചിന്തിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തു. അൽഫോൻസ കോളേജിലെ മുന്നൂറിൽപരം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. ഓരോ വിദ്യാർഥിയുടെയും ജീവി

തത്തിലെ ടേണിങ് പോയിൻറ് ആയി കോളേജ് ജീവിതം മാറുന്നത് തിരിച്ചറിയാനും ബോധ്യപ്പെടുത്താനും ഈ ഓറിയന്റേഷൻ ക്ലാസ് വിദ്യാർത്ഥികളെ വളരെയധികം സഹായിച്ചു.

### ദേശീയ പത്രപ്രവർത്തന ദിനം ആചരിച്ചു

തിരുവമ്പാടി അൽഫോൻസ കോളേജ്, ജേർണലിസം ഡിപ്പാർട് മെന്റിന്റെ നേതൃത്വത്തിൽ ദേശീയ പത്രപ്രവർത്തന ദിനം ആചരിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഓൺലൈനായാണ് പരിപാടികൾ നടത്തിയത്.

പത്ര സ്വാതന്ത്ര്യവും മാധ്യമ ധാർമികതയും ഊട്ടി ഉറപ്പിക്കാനുള്ള ഒരു ദിനമായാണ് ദേശീയ പത്രപ്രവർത്തന ദിനം ആചരിക്കുന്നത്. പ്രശസ്ത പത്രപ്രവർത്തകയും News 24 ലെ പ്രോഗ്രാം പ്രൊഡ്യൂസറു മായ കാർത്തിക ബി കുറുപ്പ് ആയിരുന്നു മുഖ്യ അതിഥി. ചടങ്ങിന് ശേഷം വിദ്യാർത്ഥികളുമായി സംവാദവും നടന്നു. വിദ്യാർഥികളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും കാർത്തിക മറുപടി നൽകി.

ഉച്ചയ്ക്ക് ശേഷം നടന്ന രണ്ടാമത്തെ സെഷനിൽ സിനിമ പ്രദർശനവും നടത്തി. 'No One Killed Jessica' എന്ന സിനിമയായിരുന്നു സെമിനാർ ഹാളിൽ പ്രദർശിപ്പിച്ചത്.

### കേരളപ്പിറവി ദിനം ആഘോഷിച്ചു

തിരുവമ്പാടി: നവംബർ ഒന്നിന് കേരള പിറവി ദിനാഘോഷം സംഘടിപ്പിച്ചു. പ്രശസ്ത കവി പി. കെ ഗോപിയുടെ സന്ദേശത്തോടെ പരിപാടികൾക്ക് തുടക്കം കുറിച്ചു. കോളേജ് മാനേജർ റവ. ഫാ. സ്കറിയ മങ്ങരയിൽ ഉദ്ഘാടനം ചെയ്ത യോഗത്തിന് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ. വി അധ്യക്ഷത വഹിച്ചു. കവിതാർച്ചന, നൃത്തശില്പം, ടങ്ങ് ടിസ്റ്റർ, റാമ്പ് വാക് തുടങ്ങി വിവിധ പരിപാടികൾ വിദ്യാർഥികളുടെ നേതൃത്വത്തിൽ നടന്നു. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഫാ. ഷെനീഷ് അഗസ്റ്റിൻ, ദീപ ഡൊമിനിക്, അമൽ ജിത്ത്, സന ഫൈസൽ, സാന്ദ്ര മരിയ, ആദിത്യ, അഭിഷേക് എട്ടു എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി സംസാരിച്ചു.

അൽഫോൻസ കോളേജിലെ ഡിബേറ്റ് ക്ലബ്ബിന്റെയും ഗ്രീൻ ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കർഷകർ ഇന്ന് നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ഓൺലൈനായി ഗൂഗിൾ മീറ്റിലൂടെ ഡിബേറ്റ് സംഘടിപ്പിച്ചു. ഡിബേറ്റ് ക്ലബ് അംഗങ്ങളോടൊപ്പം ഗ്രീൻ ക്ലബ് അംഗങ്ങളും ചർച്ചയിൽ സജീവമായി പങ്കെടുത്തു. വിവാദമായ കാർഷിക നിയമങ്ങൾക്കെതിരെ നടക്കുന്ന കർഷക സമരത്തിന്റെ വാർഷികദിനമായ സെപ്തംബർ 29, കർഷക സംഘടനകളുടെ നേതൃത്വത്തിൽ ഭാരതബന്ദ് നടന്ന അതേദിവസം തന്നെ ഈ വിഷയത്തിൽ നടത്തിയ ചർച്ച ശ്രദ്ധേയമായിരുന്നു. ഡിബേറ്റിനവസാനം കർഷകർക്ക് ഉപകാരപ്രദമായ

രീതിയിൽ അവരിലേക്ക് വിവിധ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ച് അറിയിക്കാൻ സഹായകമായ ഒരു പ്ലാറ്റ്ഫോം ഗ്രീൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ തുടങ്ങാൻ തീരുമാനിച്ചു. ഗ്രീൻ ക്ലബ് കൺവീനർ മിസ് ഷീബമോൾ ജോസഫ്, ഡിബേറ്റ് ക്ലബ് കൺവീനർ മിസ് ദീപാ ഡൊമിനിക്, അമ്പിളി കെ, സ്റ്റുഡന്റ് കോർഡിനേറ്റർമാരായ അർജുൻ ജെയിൻ, ഡെൽന ജോസഫ്, കിരൺ റെജി എന്നിവർ ഡിബേറ്റിന് നേതൃത്വം നൽകി.

## ആദ്യ പുസ്തക പ്രകാശനം പ്രിയപ്പെട്ടവർക്കൊപ്പം

തിരുവമ്പാടി: തിരുവമ്പാടി അൽഫോൻസ കോളേജിന്റെ അഭിമാനം വാനോളം ഉയർത്തി പുതിയൊരു കവയത്രി കൂടി ഉടലെടുത്തു. ബി എ ഇംഗ്ലീഷ് വിദ്യാർഥിനിയായ ഹെലന കാതറിൻ ആണ് തന്റെ ആദ്യ പുസ്തകമായ 'My Night World' ലോകത്തോട് പങ്കുവെച്ചത്.

കൊറോണ കാലവും, തന്റെ ഇത്രയും നാളിലെ ജീവിതാനുഭവങ്ങളും, തന്റെ സ്വപ്നങ്ങളും, ഇരുട്ടിലെ വെള്ളി വെളിച്ചങ്ങളും അവളുടെ തൂലികയിൽ വാക്കുകൾ ആക്കി മാറ്റുകയായിരുന്നു. കൊറോണയിൽ വീട്ടിൽ അടച്ചുപൂട്ടിയിരുന്നും ചടഞ്ഞു കൂടിയും രാത്രിയെയും പകലിനെയും ഒരേപോലെ ഒരുപാടുപേർ തള്ളി നീക്കിയപ്പോൾ അവൾ ആ ഇരുട്ടിലും തന്റെ സ്വപ്നങ്ങളിൽ ഓരോ പടികളും കയറി സ്വപ്നം യാഥാർഥ്യമാക്കി നേരിടുകയായിരുന്നു. അവൾക്ക് കൂട്ടായി ഇനിയും ഉയരങ്ങളിൽ എത്താനുള്ള പടികൾ ഒരുക്കി കോളേജും അധ്യാപകരും പ്രിയ സഹപാഠികളും ഒത്തുകൂടി.

പുസ്തക പ്രകാശനത്തിന് വിശിഷ്ടാതിഥിയായി എത്തിയത് പ്രശസ്ത കവയത്രിയും കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെ അസിസ്റ്റൻറ് പ്രൊഫസറുമായ ഡോ: ആര്യ ഗോപി ആയിരുന്നു. ആര്യ ഗോപി പുസ്തകം പരിചയപ്പെടുത്തി പ്രകാശനം ചെയ്തപ്പോൾ, അൽഫോൻസ കോളേജ് ഡയറക്ടറായ റവ. ഫാ. ജോസഫ് പാലക്കാട്ട് അഭിമാന നിമിഷം വാക്കുകളാൽ രേഖപ്പെടുത്തി . തനിക്ക് ഊർജ്ജമായി കൂടെ നിന്നവർക്ക് ഓരോരുത്തർക്കും നന്ദി പറഞ്ഞുകൊണ്ട്ഹെലന കാതറിനും വേദിയിൽ സംസാരിച്ചു. ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി, മാനേജർ റവ. ഫാ. സജി മങ്ങരയിൽ, വൈസ് പ്രിൻസിപ്പൽ റവ. ഫാ. ഷെനിഷ് അഗസ്റ്റിൻ തുടങ്ങിയവരും പങ്കെ ടുത്തു.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# ആൽഫ മരിയ അക്കാദമി

**പ്ലസ് വൺ, പ്ലസ് ടു (എൻട്രസ് പരിശീലനവും ട്യൂഷനും)**

2021-2022 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു സയൻസ് ട്യൂഷനും എൻട്രൻസ് പരിശീലനവും ഓൺലൈൻ വഴി ആരംഭിച്ചു. വിവിധ കോഴ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും.

10-ാം ക്ലാസ്സുകാർക്കുള്ള ട്യൂഷൻ ഓഫ്ലൈനായി ആൽഫയുടെ തിരുവമ്പാടി സെന്ററിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ച് ആരംഭിച്ചു.

**കെ.ടെറ്റ് (K.TET) പരിശീലനം**

അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് K.TET നിർബന്ധമാക്കിയിരിക്കുന്നതിനാൽ K.TET നുള്ള പരിശീലനം ഓൺ ലൈൻ വഴി ആരംഭിച്ചു. ഫോൺ: 7907028758, 9497567689.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മാതൃവേദി

**പഠന വിഷയ പ്രവർത്തനം**

മാതൃവേദിയുടെ നവംബർ മാസത്തിലെ പഠന വിഷയമായ ഗ്രീൻ & ക്ലീൻ പദ്ധതി യൂണിറ്റുകളുടെ നേതൃത്വത്തിൽ നടത്തി. പച്ചക്കറി കൃഷിക്ക് ആവശ്യമായ പ്രോത്സാഹനവും വിദഗ്ധ സഹായവും രൂപതാ തലത്തിൽ നല്കി.

**പ്രാർത്ഥനാ യജ്ഞം**

സകല മരിച്ചവരെയും ഓർമ്മിക്കുന്ന നവംബർ മാസത്തിൽ രൂപതയിലെ അമ്മമാർ ഒന്നു ചേർന്ന് 24 മണിക്കൂർ അഖണ്ഡ പ്രാർത്ഥന നടത്തി. നവംബർ 10ന് 8.00 മണി മുതൽ നവംബർ 11ന് 8.00 മണി വരെ ശുദ്ധീകരണ ആത്മാക്കൾക്ക് വേണ്ടിയുള്ള ലുത്തിനിയ, കരുണ കൊന്ത, ജപമാല എന്നിവ ഉൾപ്പെടുത്തി നടത്തിയ അഖണ്ഡ പ്രാർത്ഥനക്ക് മേഖല ഭാരവാഹികൾ നേതൃത്വം നൽകി.

**കുടുംബവിളക്ക്**

ജപമാലമാസ സമാപനത്തോട് അനുബന്ധിച്ച് രൂപതാ മാതൃവേദി സംഘടിപ്പിച്ച വെബിനാർ ഒക്ടോബർ 31 ന് നടന്നു. അന്തർദേശീയ സീറോ മലബാർ മാതൃവേദി സെക്രട്ടറി റിൻസി ജോസ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ബെന്നി പുത്തൻ

നടയിൽ ക്ലാസ്സ് നയിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

### പ്രതിഷേധങ്ങൾ

80:20 സ്കോളർഷിപ്പ് വിഷയത്തിലെ സർക്കാർ നിലപാടിനെതിരെ പ്രതിഷേധിച്ച് നവംബർ 7 ന് കത്തോലിക്കാ കോൺഗ്രസ് സംഘടിപ്പിച്ച വഞ്ചനാദിനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രൂപതയിലെ മാതൃവേദി അംഗങ്ങൾ സജീവമായി പങ്കെടുത്തു.

### അന്തർദേശീയ പരിപാടി

നവംബർ 15 ന് അന്തർദേശീയ സീറോ മലബാർ മാതൃവേദി സംഘടിപ്പിച്ച വലിയ കുടുംബങ്ങളെ ആദരിക്കൽ പരിപാടിയിൽ രൂപതയിൽ നിന്നുള്ള 8 കുടുംബങ്ങൾ ആദരിക്കപ്പെട്ടു.

### ഉപന്യാസ മത്സരം

വി. യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് അന്തർദേശീയ സീറോ മലബാർ മാതൃവേദി നടത്തിയ ലേഖന മത്സരത്തിൽ രൂപതാതലത്തിൽ നിത പ്രദീപ് കുളത്തുവയൽ, റോഷ്നി അബിലാഷ് തലയാട്, റിയ ജിബിൻ തേഞ്ഞിപ്പാലം എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

### യൂണിറ്റ് മേഖലാ ഇലക്ഷൻ

ഡിസംബർ 20 ന് മുമ്പ് യൂണിറ്റ് ഇലക്ഷനും, ജനുവരി 9 ന് മുമ്പ് മേഖല ഇലക്ഷനും നടത്തേണ്ടതാണ്.

### പുതിയ നിയമാവലി

പരിഷ്കരിച്ച പുതിയ നിയമാവലി ഡിസംബർ മാസത്തെ യൂണിറ്റ് തെരഞ്ഞെടുപ്പിനുമുമ്പ് എത്തിച്ചു നൽകുന്നതായിരിക്കും.

### വി. യൗസേപ്പിതാവിന്റെവർഷം സമാപന വെബിനാർ

വി. യൗസേപ്പിതാവിന്റെ വർഷ സമാപനത്തിനോടനുബന്ധിച്ച് ഡിസംബർ 5 ഞായറാഴ്ച ഈ മാസത്തെ വെബിനാർ നടത്താൻ തീരുമാനിച്ചു.

### ബൈബിൾ മാസാചരണം

ബൈബിൾ മാസത്തോട് അനുബന്ധിച്ച് മാതൃവേദി അംഗങ്ങൾക്ക് വേണ്ടി ബൈബിൾ പാരായണ പ്രോഗ്രാം ഡിസംബർ 6 മുതൽ 12 വരെ നടത്തുന്നു.

### ക്രിസ്തുമസ് കിച്ചൻ

ക്രിസ്തുമസിനോട് അനുബന്ധിച്ച് മാതൃവേദിയുടെ യൂട്യൂബ് ചാനലിൽ ക്രിസ്തുമസ് സ്പെഷ്യൽ പാചക പ്രോഗ്രാം.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

# കുടുംബ പ്രേഷിതത്വം

വിവാഹത്തിനൊരുങ്ങുന്ന യുവതീയുവാക്കൾക്കുവേണ്ടി നടത്തപ്പെടുന്ന പ്രീ-കാനാ കോഴ്സ് നവംബർ മാസത്തിൽ 12,13,14 തീയതികളിൽ ഓൺലൈനായി നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 164 യുവജനങ്ങൾ പങ്കെടുത്തു. ഡിസംബർ മാസത്തിലെ പ്രീ-കാന കോഴ്സ് 10,11,12 തീയതികളിൽ ഓൺലൈനായിനടത്തപ്പെടുന്നതാണ്. ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ 8547191056 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക. വിവാഹം ഉറപ്പിച്ചവരും ഈ അടുത്ത നാളുകളിൽ വിവാഹിതരാകുന്നവരും മാത്രമാണ് കോഴ്സിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ കത്ത്, ഫീസായ 600 രൂപ അടച്ച രസീത്, ഫോട്ടോ എന്നിവ അടയ്ക്കേണ്ടതാണ്.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# കെ.സി.വൈ.എം.

## ദേശീയ പുരസ്കാര ജേതാവ് ശ്രീ ജോൺസൺ മഠത്തിനകത്തിനെ ആദരിച്ചു

ദേശീയ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ 2020 വർഷത്തെ ഔട്ട് സ്റ്റാൻഡിങ് ക്രിയേറ്റീവ് അഡൾട്ട് (ഭിന്നശേഷിമേഖല) പുരസ്കാരം നേടിയ ശ്രീ. ജോൺസൺ മഠത്തിനകത്തിനെ കെ.സി.വൈ.എം. താമരശ്ശേരി രൂപതാ നേതാക്കൾ പെരുവണ്ണാമൂഴിയിലെ അദ്ദേഹത്തിന്റെ വസതിയിലെത്തി ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, പ്രസിഡന്റ് വിശാഖ്തോമസ്, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സെനറ്റ് അംഗം റിച്ചാൾഡ് ജോൺ, അലന്റ് അബ്രഹാം, അജയ് വർഗ്ഗീസ്, അരുൺ ജോഷി എന്നിവർ സന്നിഹിതരായിരുന്നു.

## മേഖലാ സെനറ്റുകൾ

പെരിന്തൽമണ്ണ, മലപ്പുറം, കരുവാരക്കുണ്ട്, തോട്ടുമുക്കം, തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, വിലങ്ങാട് തുടങ്ങിയ ഫൊറോകളിലെ മേഖല വാർഷിക സെനറ്റും മേഖല ഭാരവാഹികളുടെ 2021-21 വർഷത്തെ തിരഞ്ഞെടുപ്പും നടത്തി.

### വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച രൂപത സമിതി അംഗങ്ങൾക്കും മംഗളങ്ങൾ

വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന KCYM സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ ടിബിൻ അഗസ്റ്റിനും വധു സ്റ്റിവിനക്കുംകെസിവൈഎം രൂപത വൈസ് പ്രസിഡന്റ് സിമി തേവടിക്കും വരൻ ഫ്രെഡറിക്ക് ബിബിൻ ദേവസ്യക്കും രൂപത എക്സിക്യൂട്ടീവ് മെമ്പർ ശാലു തോമസിനും വരൻ മാനസ് ബാബുവിനും രൂപതാ സമിതിയുടെ പ്രാർത്ഥന ആശംസകൾ.

### മറ്റു പരിപാടികൾ

1. ന്യൂനപക്ഷ സ്കോളർഷിപ്പ് ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോകാനുള്ള സംസ്ഥാന സർക്കാരിന്റെ വഞ്ചനാപരമായ നീക്കത്തിനെതിരെ പ്രതിഷേധിച്ചു.
2. സോഫ്റ്റ് ബേസ് ബോൾ ഇന്ത്യൻ ദേശീയ ടീമിൽ ഇടം നേടിയ എബി സെബാസ്റ്റ്യന് (മഞ്ഞുവയൽ യൂണിറ്റ് അംഗം) അഭിനന്ദനങ്ങൾ അറിയിച്ചു
3. പാലക്കാട് വിക്ടോറിയ കോളേജിലെ ക്രിസ്തു വിരുദ്ധമായ ബോർഡ് പിൻവലിച്ച് മാപ്പ് പറയാൻ എസ്.എഫ്.ഐ നേതൃത്വം തയ്യാറാകണം എന്ന് ആവശ്യപ്പെട്ടു.

### അറിയിപ്പുകൾ

#### 1. രൂപത വാർഷിക സെനറ്റും തിരഞ്ഞെടുപ്പും

താമരശ്ശേരി രൂപത കെസിവൈഎം ന്റെ 2021 വർഷത്തെ വാർഷിക സെനറ്റും വരുന്ന പ്രവർത്തന വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഡിസംബർ അവസാന വാരത്തിൽ നടത്തുന്നതായിരിക്കും.

#### 2. ക്രിസ്തുമസ് ചലഞ്ചസ്

ക്രിസ്തുമസ് നോമ്പിനോടനുബന്ധിച്ച് ഈ വർഷവും ക്രിസ്തുമസ് ചലഞ്ചുകൾ നടത്തുന്നു. പ്രായഭേദമെന്യേ പങ്കെടുക്കാവുന്നതാണ്.

#### 3. യുവ 2021 കലോത്സവം

ഉത്സവ് 2021 സംസ്ഥാന കലോത്സവത്തിന് മുന്നോടിയായി മേഖല രൂപത തലങ്ങളിൽ രചനാ മത്സരവും കലാ മത്സരവും നവംബർ ഡിസംബർ മാസങ്ങളിലായി നടത്തുന്നു.

#### രചനാ മത്സരങ്ങൾ

2021 നവംബർ 28 ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ നടത്തപ്പെടുന്നു. യൂണിറ്റ് കേന്ദ്രങ്ങളിൽ വച്ചായിരിക്കും രചനാമത്സരങ്ങൾ നടത്തപ്പെടുക. രചനാമത്സരങ്ങൾക്കുള്ള വിഷയങ്ങൾ1.45 ന് മേഖലാ കോഡിനേറ്റർമാർക്ക് നൽകുന്നതായിരിക്കും. രചനകൾ 6 മണിക്കുള്ളിൽ മേഖല കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മേഖലാ സമിതിയിൽ നിന്നും മത്സരത്തിന്റെ ക്രമീകരണത്തിനായി ഒരോ ഇടവകയിലേക്കും ഇൻചാർജ്മാരെ നിയമിക്കുന്നതാണ്.

### രചനാ മത്സര ഇനങ്ങൾ

1. കഥാരചന
2. കവിതാരചന
3. ഉപന്യാസം
4. കാർട്ടൂൺ
5. കൊളാഷ്
6. പത്രവാർത്ത രചന
7. നോട്ടീസ് രചന
8. പോസ്റ്റർ രചന
9. മുദ്രാവാക്യ രചന

### കലാമത്സരം

ഡിസംബർ ഒന്നു മുതൽ കലാമത്സരങ്ങളുടെ വ്യക്തിഗത ഗ്രൂപ്പ് ഇനങ്ങൾ നടത്തപ്പെടുന്നു. ഓൺലൈനായാണ് മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്.

### വ്യക്തിഗത ഇനങ്ങൾ

1. ലളിതഗാനം (ആൺ/പെൺ)
2. നാടോടി നൃത്തം (ആൺ/പെൺ)
3. മിമിക്രി
4. മോണോ ആക്റ്റ്
5. ഫോട്ടോഗ്രഫി
6. പ്രസംഗം

### ഗ്രൂപ്പ് ഇനങ്ങൾ

1. മാർഗംകളി
2. മൈം
3. ഡിബേറ്റ്
4. ക്വിസ്
5. തെരുവുനാടകം
6. സംഘഗാനം

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ഇൻഫാം

## ഭാരവാഹികളുടെ സമ്മേളനം

രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ ഒരു സമ്മേളനം ഡിസംബർ 6 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ബിഷപ് ഹൗസിൽ വച്ച് ചേരുന്നതാണ്. ഇടവകയിലെ പ്രസ്തുത ഭാരവാഹികളെ മീറ്റിങ്ങിൽ പങ്കെടുപ്പിക്കുന്നതിന് വികാരിയച്ചമാർ പറഞ്ഞ് അയക്കുമല്ലോ. ഭാരവാഹികളെ തെരഞ്ഞെടുക്കാത്ത ഇടവകകളിൽ കർഷക പ്രതിനിധികളായി മൂന്ന് പേരെ മീറ്റിങ്ങിലേക്ക് പറഞ്ഞയക്കുവാൻ വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

താമരശ്ശേരി രൂപതാ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

### തോട്ടുമുക്കം

| | | |
|---|---|---|
| പ്രസിഡന്റ് | - | സാബു വടക്കേപറമ്പിൽ |
| വൈസ് പ്രെസിഡന്റ് | - | ജോൺസൺ തൈപറമ്പിൽ |
| സെക്രട്ടറി | - | ജിജി തൈപറമ്പിൽ |
| ജോയിന്റ് സെക്രട്ടറി | - | ജോർജ്ജ് കേവള്ളിൽ |
| ട്രഷറർ | - | ജോയി മാങ്കുത്തേൽ |

### ചുണ്ടത്തുംപൊയിൽ

| | | |
|---|---|---|
| പ്രസിഡന്റ് | - | മാത്യു കാട്ടുനിലം |
| വൈസ് പ്രെസിഡന്റ് | - | വർഗ്ഗീസ് കൊച്ചീത്തറ |
| സെക്രട്ടറി | - | ജോബിൻ തുണ്ടത്തിൽ |
| ജോയിന്റ് സെക്രട്ടറി | - | സനു പൂവത്തിങ്കൽ |
| ട്രഷറർ | - | സെബാസ്റ്റ്യൻ മാടപ്പള്ളി |

### വെണ്ടക്കുംപൊയിൽ

| | | |
|---|---|---|
| പ്രസിഡന്റ് | - | തോമസ് കവുങ്കൽ |
| വൈസ് പ്രെസിഡന്റ് | - | സാബു പടപ്പനാനി |
| സെക്രട്ടറി | - | റോബിൻസ് തരണിയിൽ |
| ജോയിന്റ് സെക്രട്ടറി | - | ബെന്നി ചെമ്പകശ്ശേരി |
| ട്രഷറർ | - | ബേബി പുലയംപറമ്പിൽ |

**വാലില്ലാപ്പുഴ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ജോണി മലപ്രവനാൽ |
| വൈസ് പ്രസിഡന്റ് | - | ജോജൻ ഇരുമ്പുഴിക്കൽ |
| സെക്രട്ടറി | - | ജോയി മാന്തോട്ടത്തിൽ |
| ജോയിന്റ് സെക്രട്ടറി | - | ജോജി കണ്ണാട്ടുതാഴെ |
| ട്രഷറർ | - | സെബാസ്റ്റ്യൻ പാലക്കൽ |

**തിരുവമ്പാടി**

| | | |
|---|---|---|
| പ്രസിഡന്റ് | - | സെബാസ്റ്റ്യൻ കുഞ്ഞപ്പറമ്പിൽ |
| വൈസ് പ്രസിഡന്റ് | - | ഇമ്മാനുവൽ മുത്തക്കാട്ടുപറമ്പിൽ |
| സെക്രട്ടറി | - | തോമസ് പുത്തൻപുരക്കൽ |
| ജോയിന്റ് സെക്രട്ടറി | - | ബെന്നി കിഴക്കെപ്പറമ്പിൽ |
| ട്രഷറർ | - | ബെന്നി മാങ്ങാട്ട് |

**പുഷ്പഗിരി**

| | | |
|---|---|---|
| പ്രസിഡന്റ് | - | ബേബി തടത്തിൽ |
| വൈസ് പ്രസിഡന്റ് | - | ജെയിംസ് മാവേലിമണ്ണിൽ |
| സെക്രട്ടറി | - | ബ്രോണി നമ്പിയപ്പറമ്പിൽ |
| ജോയിന്റ് സെക്രട്ടറി | - | സിബി വെള്ളാപ്പള്ളി |
| ട്രഷറർ | - | ബേബി മാടുകുഴിയിൽ |

**കോനൂർക്കണ്ടി**

| | | |
|---|---|---|
| പ്രസിഡന്റ് | - | റോയി മലേക്കുന്നേൽ |
| സെക്രട്ടറി | - | ജിനിഷ് നിരപ്പത്ത് |
| ട്രഷറർ | - | ജയേഷ് പുത്തൻപുരയ്ക്കൽ |

അസോസിയേറ്റ് ഡയറക്ടർ
**ഫാ. ജോസഫ് കളത്തിൽ**

ഡയറക്ടർ, ഇൻഫാം
**ഫാ. ജോസ് പെണ്ണാപറമ്പിൽ**

# എ.കെ.സി.സി

## വഞ്ചനാദിനം ആചരിച്ചു

വിവിധ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവകാശപ്പെട്ട സ്കോളർഷിപ്പുകളും ഫണ്ടുകളും ജനസംഖ്യ അനുപാതികമായി നൽകണമെന്ന ഹൈക്കോടതി വിധിക്ക് എതിരെ കേരള സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയതിൽ പ്രതിഷേധിച്ച് നവംബർ 7 ഞായറാഴ്ച കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി ആഹ്വാനപ്രകാരം രൂപതയിലെ വിവിധ ഇടവകകളിൽ വഞ്ചനാദിനം ആചരിച്ചു. രൂപതയിലെ നാൽപ്പതോളം യൂണിറ്റുകളിൽ പ്രതിഷേധ പരിപാടികൾ നടന്നു . വിവിധ ഇടവകകളിൽ പ്രതിഷേധം അറിയിച്ചു കൊണ്ടുള്ള പോസ്റ്റ് കാർഡുകൾ മുഖ്യമന്ത്രിക്ക് അയച്ചുകൊണ്ട് പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

രൂപത തലത്തിൽ തിരുവമ്പാടിയിൽ വച്ച് നടന്ന സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ശ്രീ. ചാക്കോ കാളംപറമ്പിൽ, ഫൊറോന ഡയറക്ടർ ഫാ. ജോസ് ഓലിയകാട്ടിൽ, ഗ്ലോബൽ സെക്രട്ടറി ശ്രീ. ബേബി പെരുമാലിൽ, രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ് തിരുവമ്പാടി മേഖല സമിതി അംഗങ്ങൾ യൂണിറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

ഈ ദിനം വിജയിപ്പിക്കാൻ വേണ്ടി അക്ഷീണം പ്രയത്നിച്ച ബഹുമാനപ്പെട്ട ഫൊറോന യൂണിറ്റ് ഡയറക്ടർ അച്ചന്മാർക്കും യൂണിറ്റ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, മറ്റ് ഭാരവാഹികൾ, ഫൊറോന പ്രസിഡണ്ടുമാർ, ഫൊറോനാ ഭാരവാഹികൾ, മേഖലാ കോഡിനേറ്റർമാർ, രൂപതാ സമിതിയിലെ മറ്റ് അംഗങ്ങൾ എന്നിവർക്കെല്ലാം പ്രത്യേകമായ നന്ദി അറിയിക്കുന്നു.

## ഹാർട്ട് ലിങ്ക്സ് ഭവനത്തിന്റെ വെഞ്ചരിപ്പ്

മൈലെള്ളാംപാറ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് ഹാർട്ട് ലിങ്ക്സ് പദ്ധതിയുടെ കീഴിൽ പൂർത്തിയാക്കിയ രണ്ടാമത്തെ ഭവനത്തിന്റെ വെഞ്ചരിപ്പ് നവംബർ 30 ന് ഉച്ചയ്ക്ക് ശേഷം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിക്കുന്നു. ഈ ഭവനത്തിന്റെ നിർമാണത്തിനായി സാമ്പത്തികമായും നിർമ്മാണസാമഗ്രികൾ തന്നുകൊണ്ടും കായികമായും സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി. ഭവന നിർമാണത്തിന് നേതൃത്വം നൽകിയ മൈലള്ളാംപാറ ഇടവക കത്തോലിക്ക കോൺഗ്രസ് സെക്രട്ടറി ശ്രീ. സതീഷ് പെരുമ്പള്ളിക്ക് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. ഭവന നിർമാണ കമ്മിറ്റി അംഗങ്ങളായ ജോർജ് കുര്യാത്ത്, ഫാ. അഗസ്റ്റിൻ പട്ടാണിയിൽ, കത്തോലിക്കാ കോൺഗ്രസ് ഹാർട്ട് ലിംഗ്സ് രൂപതാ കോർഡിനേറ്റർ ശ്രീ. ഷാജി കണ്ടത്തിൽ, ശ്രീ. ബേബി പെരുമാലിൽ, ശ്രീ. അനീഷ് വടക്കേൽ എന്നിവർക്കും നന്ദി.

## പുതിയ യൂണിറ്റുകൾ സ്ഥാപിച്ചു

കോടഞ്ചേരി, കണ്ണോത്ത്, ആനക്കാംപൊയിൽ, നെന്മേനി, മങ്കട, അടക്കാക്കുണ്ട്, വേനപ്പാറ, ചാത്തൻകോട്ടുനട, കക്കയം എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ സ്ഥാപിച്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു. മീറ്റിംങ്ങുകൾ ക്രമീകരിച്ച ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്ക് ഹൃദയപൂർവ്വം നന്ദി.

## ഹാർട്ട് ലിങ്ക്സ് ഫൊറോന കോഡിനേറ്റേഴ്സ്

### താമരശ്ശേരി

1 കുര്യൻ കരിമ്പനക്കൽ
2 ടെസ്സി ചിറപ്പുറത്ത്

### പെരിന്തൽമണ്ണ

1 ജെയിംസ് തെക്കേക്കുറ്റ്
2 അഞ്ചു പോൾ കൂത്രപ്പള്ളിൽ

### കൂരാച്ചുണ്ട്

1 ബെന്നി കണ്ടശാംകുന്നേൽ
2 ത്രേസ്യാമ്മ പുലികോട്ടിൽ

### തിരുവമ്പാടി

1 സിബി പടിഞ്ഞാറെകുറ്റ്
2 ലിസ്സി മാളിയേക്കൽ

### തോട്ടുമുക്കം

1 തോമസ് തെരുവത്ത്
2 ചിന്നമ്മ തറപ്പുതൊട്ടിൽ

### കോടഞ്ചേരി

1 അഗസ്റ്റിൻ മഠത്തിൽ
2 ഷില്ലി കാരേക്കുടിയിൽ

### കരുവാരക്കുണ്ട്

1 ഉമ്മച്ചൻ തെങ്ങുംതോട്ടത്തിൽ

### മരുതോങ്കര

1 സജീവ് പതാപ്പറമ്പിൽ
2 ആനി സിബി പടന്നമാക്കൽ

### വിലങ്ങാട്

1 ബിജോ ജോർജ്ജ് തോക്കനാട്ട്
2 ലിന്റ ജോസഫ് എളുക്കുന്നേൽ

## പാറോപ്പടി

1 കേണൽ ഡൊമിനിക് മോഹൻദാസ്
2 മേരി ചൂരപ്പൊയ്കയിൽ

## മലപ്പുറം

1. ഷാജി കണ്ണനായിക്കൽ
2 ലില്ലി ആന്റണി ആലക്കൽ

## ഹാർട്ട് ലിങ്ക്സ് രൂപതാ കോഡിനേറ്റർസ്

1. ഷാജി കണ്ടത്തിൽ
2. മിനി ആനിത്തോട്ടം

## ജസ്റ്റിസ് ഹരിഹരൻ കമ്മീഷൻ സർവ്വേ

സംവരണരഹിതരായ ക്രിസ്ത്യൻ ഹിന്ദു മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാരിന് നൽകുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷൻ ആണ് ജസ്റ്റിസ് ഹരിഹരൻ കമ്മീഷൻ. മുന്നാക്ക സമുദായത്തിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനു വേണ്ടി നിയമിച്ചിരിക്കുന്ന ഈ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ചായിരിക്കും ഭാവിയിലെ നമ്മുടെ സമുദായത്തിലെ അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങളും അവകാശങ്ങളും ധനസഹായങ്ങളും സർക്കാർ പ്രഖ്യാപിക്കുകയും നൽകുകയും ചെയ്യുക. ഈ ലക്ഷ്യത്തോടെ കമ്മീഷൻ ഇപ്പോൾ മുന്നാക്കസമുദായത്തെക്കുറിച്ചു സ്വന്തമായി നടത്തുന്ന സർവ്വേയോടൊപ്പം വിവിധ സമുദായ സംഘടനകൾക്കും കമ്മീഷൻ നൽകുന്ന ചോദ്യാവലി ഉപയോഗിച്ച് സർവ്വേ പഠനങ്ങൾ നടത്തി റിപ്പോർട്ട് നൽകാൻ അവസരം നൽകിയിട്ടുണ്ട്. ഡിസംബർ 31 നകം കമ്മീഷന് ഈ റിപ്പോർട്ടും നിർദ്ദേശങ്ങളും ലഭ്യമാക്കണം.

ഈ സാഹചര്യത്തിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റുകളുടെയും കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെയുംനേതൃത്വത്തിൽ അതാതു പ്രദേശത്തെ ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന, എന്നാൽ മുന്നാക്ക സമുദായ കമ്മീഷൻ നേരിട്ട് സർവേയ്ക്ക് തെരഞ്ഞെടുക്കാത്തവരുമായ കുടുംബങ്ങളെ സമീപിച്ചു കമ്മീഷൻ ചോദ്യാവലി പൂരിപ്പിക്കണം. ഒരു യൂണിറ്റിൽ പത്തിൽ കുറയാത്ത കുടുംബങ്ങളുടെ സർവ്വേ റിപ്പോർട്ട് ഡിസംബർ അഞ്ചിന് മുമ്പ് ശേഖരിക്കണം. അത് ക്രോഡീകരിച്ച് വിശദമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ഡിസംബർ 15ന് മുമ്പ് നൽകേണ്ടതാണ്.

## യൂണിറ്റുകൾ ചെയ്യേണ്ട കാര്യങ്ങൾ

1) അടിയന്തരമായി യൂണിറ്റ് മീറ്റിംഗ് കൂടി ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്ത് അംഗങ്ങൾക്ക് അവബോധം നൽകുക.

2) കമ്മീഷന്റെ ചോദ്യാവലി ഉപയോഗിച്ച് സാമ്പത്തികമായോ ശാരീരികമായോ മറ്റു വിധത്തിലോ ദുരിതം അനുഭവിക്കുന്നവരെ കണ്ടുപിടിച്ച് വിവരങ്ങൾ ശേഖരിച്ച് ചോദ്യാവലി പൂരിപ്പിക്കുക.
3) സാധിക്കുന്നിടത്തോളം ഇത്തരം കുടുംബങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു ചെറു വിവരണത്തോട് കൂടി പൂരിപ്പിച്ച ചോദ്യാവലികൾ ഡിസംബർ അഞ്ചിന് മുമ്പ് രൂപതാകമ്മിറ്റിക്കു തിരിച്ചേൽപ്പിക്കുക.
4) രൂപതാ തലത്തിൽ അതു ക്രോഡീകരിച്ചു റിപ്പോർട്ട് കമ്മിഷന് നൽകും.

അടിയന്തര പ്രാധാന്യത്തോടെ ഈ വിഷയം കൈകാര്യം ചെയ്യുവാൻ എല്ലാ നിർവാഹക സമിതി അംഗങ്ങളും കമ്മിറ്റി അംഗങ്ങളും മേഖല യൂണിറ്റ് ഭാരവാഹികളും തയ്യാറാവണമെന്ന് വളരെ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

## രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്

നവംബർ 14 ന് രൂപത എക്സിക്യൂട്ടീവ് യോഗം മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി.

## അറിയിപ്പുകൾ

### 1. ലീഡേഴ്സ് മീറ്റ്

യൂണിറ്റ് ഫൊറോന രൂപത ഭാരവാഹികളുടെ സംഗമവും നേതൃ പരിശീലനവും ഡിസംബർ മാസം അവസാനവാരത്തിൽ നടത്തുന്നു.

### 2. യൂത്ത് കൗൺസിൽ ഫൊറോന കോഡിനേറ്റർസ് തിരഞ്ഞെടുപ്പ്

യൂത്ത് കൗൺസിലിന്റെ ഫൊറോന കോർഡിനേറ്റർമാരെതെരഞ്ഞെടുത്തു കൊണ്ടിരിക്കുന്നു. ഇടവകയിലും ഫൊറോനയിലും മറ്റു സംഘടനകളിൽ പ്രവർത്തിച്ച് നിലവിൽ പ്രവർത്തനത്തിന് വേദികൾ ഇല്ലാതിരിക്കുന്ന 30 വയസ്സിൽ മുകളിൽ പ്രായമുള്ള വരെയാണ് കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിലേക്ക് ഉൾപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### 3. ക്രിസ്മസ് കേക്ക് വിതരണം

എ.കെ.സി.സി. യുടെ നേതൃത്വത്തിൽ ക്രിസ്മസ് കേക്കുകൾ ആവശ്യമായവർക്ക് വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: 9745779803

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരം ഉദ്ഘാടനം ചെയ്തു

താമരശേരി രൂപതാ മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് സംഘടിപ്പിക്കുന്ന രൂപതാതല ജൈവ അടുക്കളത്തോട്ട മത്സരം 'ജീവസമൃദ്ധി 2021' വിഷരഹിത പ്രകൃതിജീവനത്തിനുള്ള ആഹ്വാനമാണെന്ന് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജി യോസ് ഇഞ്ചനാനിയിൽ അഭിപ്രായപ്പെട്ടു . പ്രകൃതിയെ സ്നേഹിക്കുന്നവർ ദൈവത്തെയാണ് സ്നേഹിക്കുന്നത് എന്ന ബെനഡിക്ട് പതിനാറാം മാർപാപ്പയുടെ നിരീക്ഷണം കാലാതിവർത്തിയായ അതിജീവന മന്ത്രമാണെന്ന് അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു. ജീവന്റെ സമൃദ്ധിക്കുവേണ്ടി മരിയൻ പ്രോ-ലൈഫ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് പറഞ്ഞ പിതാവ് ജീവസമൃദ്ധി അടുക്കളത്തോട്ട മത്സര പരിപാടികൾക്ക് എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു. മുൻ വർഷത്തെ മത്സര വിജയി ജോസഫ് പ്ലാക്കിയിലിന് പച്ചക്കറി തൈകൾ വിതരണം ചെയ്ത് കൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു.

അര ലക്ഷത്തോളം രൂപയുടെ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത് എന്നത് മത്സരത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നു എന്ന് രൂപതാ പ്രോ-ലൈഫ് ഡയറക്ടർ റവ. ഡോ. ജോസ് പെണ്ണാപറമ്പിൽ പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ മത്സരങ്ങളിലുണ്ടായ കർഷകരുടെ അത്ഭുതകരമായ പങ്കാളിത്തമാണ് ഈ വർഷവും ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കാൻ പ്രചോദനമാകുന്നതെന്ന് സമിതി രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ അഭിപ്രായപ്പെട്ടു. വിഷരഹിത കാർഷിക സംസ്കൃതിയുടെ പ്രചരണമാണ് പരിപാടിയുടെ ലക്ഷ്യമെന്ന് ജനറൽ കൺവീനർ ടോമി പ്ലാത്തോട്ടം അറിയിച്ചു. തോമാച്ചൻ പുത്തൻപുരക്കൽ, തങ്കച്ചൻ പുരയിടം, ബിനു ജോസ് പുത്തൻപുരക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

## കെസിബിസി ഭാരവാഹികളെ തെരഞ്ഞെടുത്തു

താമരശ്ശേരി രൂപതയിൽ നിന്നും കെസിബിസി പ്രോ-ലൈഫ് സമിതി സംസ്ഥാന ട്രഷററായി തെരഞ്ഞെടുത്ത കൂടരഞ്ഞി ഇടവക ടോമി പ്ലാത്തോട്ടത്തിനും സെക്രട്ടറിയായി തെരെഞ്ഞെടുത്തചെമ്പനോട ഇടവക സെമിലി സുനിൽ അറയ്ക്കപ്പറമ്പിലിനും അഭിനന്ദനങ്ങൾ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

ഡിസംബർ 11-ാം തീയതി ശനിയാഴ്ച ദേവഗിരി സെന്റ് ജോസഫ് കോളേജിൽ വെച്ച് ഏകദിന സെമിനാർ നടത്തുവാൻ തീരുമാനിച്ചു. രൂപതയിലെ എല്ലാ ഫൊറോനകളിൽ നിന്നും ഇടവക കോൺഫ്രൻസുകളിൽ നിന്നുമായി ഇരുനൂറു പേർ പങ്കെടുക്കുന്നതിനായും തീരുമാനിച്ചു.

കോവിഡ് ചികിത്സാ ധനസഹായം ഡിസംബർ 31 വരെ കൊടുക്കുവാനുള്ള തീരുമാനം എല്ലാവരും അംഗീകരിച്ചു. കരുവാരകുണ്ട്, തോട്ടുമുക്കം, മലപ്പുറം, മരിയാപുരം എന്നീ നാല് ഏരിയാ കൗൺസിലുകളെ ഒരുമിച്ച് നവംബർ മാസം 27 ന് ശനിയാഴ്ച പയ്യനാട് ഇടവക പള്ളിയിൽ വച്ച് വിൻസെൻഷ്യൻ സംഗമവും കൂട്ടായ്മയും നടത്തുവാൻ തീരുമാനിച്ചു.

താമരശ്ശേരി, കുളത്തുവയൽ, മരുതോങ്കര എന്നീ ഏരിയ കൗൺസിലുകൾ ചേർന്ന് അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തി. വിൻസെൻഷ്യൻ അരൂപിയിൽ ഉപവി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനും, അതിനോടൊപ്പം കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് കോൺഫ്രൻസുകൾ പതിവുപോലെ പ്രവർത്തിക്കാനും തീരുമാനിച്ചു.

നവംബർ 13 ന് നടന്ന സെൻട്രൽ കൈൺസിൽ യോഗത്തിൽ എല്ലാ ഏരിയാ കൗൺസിലുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്ത് പ്രവർത്തനങ്ങൾ വിലയിരുത്തി.

വിവാഹം, പഠനം, ചികിത്സാ എന്നീ ആവശ്യങ്ങൾക്കായി പാവപ്പെട്ടവരെ സഹായിക്കുന്നുണ്ടെന്നും, അതിനായി സാമ്പത്തിക സഹായം ലഭിക്കുകയും, അതുപോലെ തന്നെ സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നതായി എസി പ്രസിഡന്റുമാർ റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഇടവക വികാരിയച്ചന്മാരിൽ നിന്ന് നല്ല സഹകരണമാണ് ലഭിക്കുന്നതെന്നും യോഗം വിലയിരുത്തി. പ്രാർത്ഥന യോഗം 1.30ന് യോഗം സമാപിച്ചു.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

തൂവാനിസയുടെ സോൺ നേതൃത്വം സെൻട്രൽ ടീമംഗങ്ങളോടു ചേർന്ന് ഓൺലൈനായി 24-10-21 ന് ചേർന്നു. കോഴിക്കോട് സോണിലെ പ്രവർത്തന ങ്ങളെ വിലയിരുത്തി. ചുരുങ്ങിയ കാലയളവിൽ വളരെ കാര്യക്ഷമമായി നട ത്തിയ പ്രവർത്തനങ്ങൾക്ക് പ്രത്യേകം നന്ദി.

മരുതോങ്കര സബ്സോണിൽ എൽ. എസ്സ്. എസ്സ് ന്റെ പരിശീലനം പൂർത്തി യായവർക്ക് തുടർപരിശീലനങ്ങൾ ഏഴുഗ്രൂപ്പുകളിലും നടക്കുന്നു. പുതുതായി നാല് ഇടവകകളിൽ കോടഞ്ചേരി സബ്സോണിൽ ക്ലാസ്സുകൾ ആരംഭിച്ചു. കരു വാരകുണ്ടിൽ ക്ലാസ്സുകൾ നടക്കുന്നു. കൂരാച്ചുണ്ട് സബ്സോണിൽ 2 ഇടവകക ളിൽ പരിശീലനം തുടങ്ങുവാൻ സജ്ജീകരണങ്ങൾ പൂർത്തിയായി.

10.11.21.ന് ബുധനാഴ്ച തിരുവമ്പാടി സബ്സോണിലും11.11.21 വ്യാഴാഴ്ച തോട്ടുമുക്കം സബ്സോണിലും ഫിസിക്കലായി സർവ്വീസ് ടീം കൂടാൻ സാധിച്ചു.

കെ.സി.എസ്സ്.സി യുടെ സന്ദർശനത്തിന്റെ ഭാഗമായി, നാളുകൾക്കുശേഷം കോഴിക്കോട് സോണിൽ നേതൃത്വത്തിന് തേഞ്ഞിപ്പലം സെന്റ് മേരീസ് പള്ളി യിൽ 15.11.21.ന് ഒരുമിച്ചുകൂടാൻ സാധിച്ചു. യൂത്ത് ഫോർ ക്രൈസ്റ്റിലെ അംഗങ്ങ ളുടെ സ്തുതി ആരാധനയോടുകൂടി മീറ്റിംഗ് ആരംഭിച്ചു. സെക്രട്ടറി സോണൽ റിപ്പോർട്ട് അവതരിപ്പിച്ചു.

കെ.സി.എസ്.സി കോർഡിനേറ്റർ ബഹു. ജോസഫ് താമരവെളിയച്ചൻ ആമു ഖസന്ദേശത്തിൽ ജൂബിലി ആഘോഷിക്കുന്ന ബഹു. സൈമൺ വള്ളോപ്പിള്ളി യച്ചന് യുവജനങ്ങളുടെ കൂട്ടായ്മ ഒരു സമ്മാനമാണെന്ന് എടുത്തു പറഞ്ഞു. യുവജനങ്ങൾ എല്ലാ മേഖലകളിലും, സജീവമാകാനും, ഈശോയെ കണ്ടുമുട്ടു വാനുള്ള അവസരം എല്ലാവർക്കും ഉണ്ടാകട്ടെ എന്നും ആശംസിച്ചു. എൽ.എ സ്.എസിന്റെ ട്രെയിനിംഗ് കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരണം. ആത്മാ വിന്റെ അഭിഷേകമുള്ള ധാരാളം ശുശ്രൂഷകർ സഭയുടെ എല്ലാ മേഖലയിലും ഉണ്ടാകട്ടെ എന്നും ആശംസിച്ചു.

കെ. സി.എസ്.സി ജോയിന്റ് കോർഡിനേറ്റർ ബ്ര. സെബാസ്റ്റ്യൻ താന്നി ക്കൽ ദൈവത്തിന്റെ അത്ഭുതകരമായ കരുതലിനെ ഓർമ്മപ്പെടുത്തി. ദൈവം സോളമന് അളവില്ലാത്ത ജ്ഞാനവും, കടൽത്തീരംപോലെ വിശാലമായ ഹൃദ യവും നൽകി. നമ്മുടെ കൂട്ടായ്മയും, പങ്കാളിത്തവും പ്രവർത്തനമേഖലയും, വളരണം വളർത്തണം എന്ന് ഓർമ്മിപ്പിച്ചു.

സബ്റീജിയന്റെ സിസ്റ്റർ ആനിമേറ്റർ ബഹു. സി. മെറീന, സിസ്റ്റേഴ്സിന്റെ സാന്നിധ്യം നവീകരണമേഖലയിൽ കൂടുതൽ കരുത്ത് പകരും എന്ന് ഓർമ്മിപ്പിച്ചു.

ബഹു. സൈമൺ അച്ചന് വൈദികരുടെ ധ്യാനമായതുകൊണ്ട് ഉച്ചയ്ക്ക് കുറച്ചുനേരം മാത്രമേ ഒരുമിച്ച് ആയിരിക്കാൻ സാധിച്ചുള്ളൂ. നവീകരണത്തിൽ കാതലുള്ള ശുശ്രൂഷകർ ഉണ്ടാകണമെന്ന് അച്ചൻ ആവശ്യപ്പെട്ടു. 2 മണിയോടു കൂടി മീറ്റിംഗ് സമാപിച്ചു. സോണൽ കോർഡിനേറ്റർ ജോൺസൺ സാർ എല്ലാവർക്കും നന്ദി പറഞ്ഞു. മീറ്റിംഗിൽ എംസി ആയി ബ്ര. സന്തോഷ് തളച്ചിറയും, എമ്മാവൂസ് സെക്രട്ടറി ബിജു കുന്നുംപുറത്തും പങ്കെടുത്തു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

## ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

താമരശ്ശേരി രൂപതയുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയായിൽ നവംബർ മാസത്തിലെ എല്ലാ ശുശ്രൂഷകളും ദൈവാനുഗ്രഹപ്രദമായിരുന്നു. ആത്മീയവും മാനസീകവും ശാരീരികവുമായി തളർന്ന അനേകം മക്കൾക്ക് ബഥാനിയായിലെ ശുശ്രൂഷകൾ സൗഖ്യത്തിനും ദൈവാനുഗ്രഹത്തിനും കാരണമായി. കോവിഡ് പ്രതിസന്ധിയുടെ നടുവിലും ബഥാനിയായിലെ ശുശ്രൂഷകൾ തടസ്സം കൂടാതെ ദൈവം ക്രമീകരിക്കുന്നു.

### അഖണ്ഡജപമാല സമർപ്പണം 2021

ബഥാനിയായിൽ എല്ലാവർഷവും നടത്താറുള്ള ഏറ്റവും വലിയ ശുശ്രൂഷയാണ് 101 ദിനരാത്രങ്ങൾ (2424 മണിക്കൂർ) നീണ്ടുനിൽക്കുന്ന ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാല സമർപ്പണവും. 2021 ആഗസ്റ്റ് 30 ന് ആരംഭിച്ച അഖണ്ഡജപമാല സമർപ്പണം ഡിസംബർ 8-ാം തീയതി പരി. അമ്മയുടെ അമലോത്ഭവ തിരുനാൾ ദിനത്തിലാണ് സമാപിക്കുന്നത്. ഇതിനോടകം രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി അനേകം ദൈവമക്കൾക്ക് ആത്മീയ ഉണർവ്വിന് ഈ ശുശ്രൂഷ കാരണമായി. എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും രാത്രി 7 മണിക്കും വി. കുർബ്ബാനയും പകൽ സമയത്ത് കുമ്പസാരത്തിനും കൗൺസിലിംഗിനും പ്രത്യേകം സൗകര്യം ഒരുക്കിയിട്ടുണ്ട്. എല്ലാദിവസവും ഉച്ചക്കും, രാത്രിക്കും എല്ലാവർക്കും നേർച്ച ഭക്ഷണവും നൽകി വരുന്നു.

## ജീവിത വിശുദ്ധീകരണ ധ്യാനങ്ങൾ

ദീർഘകാലത്തെ ഇടവേളക്കു ശേഷം ബഥാനിയായിൽ താമസിച്ചുള്ള ധ്യാനങ്ങൾ ആരംഭിച്ചു. നവംബർ 12 മുതൽ 15 വരെയും, 26 മുതൽ 29 വരെയുമായി രണ്ട് ധ്യാനങ്ങൾ നടത്താൻ സാധിച്ചു അനേകം ദൈവമക്കൾക്ക് ജീവിത വിശുദ്ധീകരണത്തിനും ദൈവസ്നേഹാനുഭവത്തിനും ധ്യാനം കാരണമായി. ധ്യാനത്തിന്റെ പ്രാരംഭദിനത്തിൽ അഭിവന്ദ്യപിതാവ് വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകി. ധ്യാനങ്ങൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

## ഏകദിന കൺവെൻഷൻ

നവംബർ 5,12,19,26 എന്നീ വെള്ളിയാഴ്ചകളിൽ ഏകദിന കൺവെൻ ഷൻ നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് ജപമാലയോടെ ആരംഭിക്കുന്ന ശുശ്രൂഷ ഉച്ച കഴിഞ്ഞ് 2 മണിക്ക് വി. കുർബാനയോടെ സമാപിക്കുന്നു. വചനപ്രഘോഷണം, ദിവ്യകാരുണ്യ സൗഖ്യാരാധന, വിടുതൽ ശുശ്രൂഷ, കുമ്പസാരം, ആത്മീയ ഉപദേശം, വി. കുർബാന എന്നീ ശുശ്രൂഷകൾ ഏകദിന കൺവെൻഷനിൽ നടത്തപ്പെടുന്നു. ശുശ്രൂഷകൾക്ക് ബഥാനിയ ടീം നേതൃത്വം നൽകി.

## മദ്ധ്യസ്ഥപ്രാർത്ഥന

എല്ലാ ദിവസവും രാവിലെ 10 മണിമുതൽ വൈകുന്നേരം 4 മണിവരെ ബഥാനിയായുടെ ശുശ്രൂഷകർ ബഥാനിയായിൽ സമർപ്പിക്കപ്പെടുന്ന വിവിധ നിയോഗങ്ങൾക്കായി പ്രത്യേകം പ്രാത്ഥിക്കുന്നു.

## ഡിസംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 04 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 08 ബുധൻ | - | അഖണ്ഡജപമാല സമർപ്പണ സമാപനം |
| 10 വെള്ളി | - | ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (10-13) |
| 17 വെള്ളി | - | ഏകദിന കൺവെൻഷൻ ജീവിത വിശുദ്ധീകരണ ധ്യാനം (17-20) |
| 24 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 31 വെള്ളി | - | ഏദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## Disaster Risk Reduction Project

പെട്ടന്നുണ്ടാകുന്ന പ്രളയം, മാഹാമാരി, പ്രകൃതിക്ഷോഭം തുടങ്ങിയ ദുരന്തങ്ങളിൽ നിന്നും പ്രദേശത്തുള്ളവർക്ക് പെട്ടന്ന് കാര്യക്ഷമമായി ഇടപെടലുകൾ നടത്തുവാൻ സജ്ജമായിട്ടുള്ള Task Force അംഗങ്ങൾക്ക് വേണ്ടി താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ഹാളിൽ വച്ച് പരിശീലനം സംഘടിപ്പിച്ചു. സി.ഒ.ഡി ഡയറക്ടർ ജോർജ്ജ് ചെമ്പരത്തിയുടെ അധ്യക്ഷതയിൽ ആരംഭിച്ച പരിശീലന പരിപാടി താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ ജോൺ ഒറവുങ്കര നിർവ്വഹിച്ചു. കോടഞ്ചേരി, പുതുപ്പാടി, തിരുവമ്പാടി പഞ്ചായത്ത് ജന പ്രതിനിധികളും Caritas Task Force അംഗങ്ങളും പങ്കെടുത്ത പരിശീലനത്തിന് മുക്കം ഫയർ ആൻഡ് റെസ്ക്യു ടീം നേതൃത്വം നല്കി

## പ്രമേഹദിനാചരണം

ലോക പ്രമേഹദിനാചരണത്തിന്റെ ഭാഗമായി പുതുപ്പാടി ഗ്രാമപഞ്ചായത്ത് കുടുബാരോഗ്യകേന്ദ്രത്തിന്റെ സഹകരണത്തോടെ ജീവിത ശൈലി രോഗനിർണ്ണയ ക്യാമ്പും ബോധവത്കരണ സെമിനാറും നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ആയിഷകുട്ടി ഉദ്ഘാടനം നിർവ്വഹിച്ച പ്രോഗ്രാമിൽ സി.ഒ.ഡി അസി. ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ അധ്യക്ഷനായി. മെഡിക്കൽ ഓഫീസർ ഡോ. സീതു പൊന്നുതമ്പി ക്ലാസ് നയിച്ചു.

തിരുവമ്പാടി ജി.വി.എസ്സിൽ വച്ച് നടത്തിയ പ്രമേഹദിനാചര ണത്തിൽ പഞ്ചായത്ത് മെമ്പർ രാജു അധ്യക്ഷത വഹിച്ച പ്രോഗ്രാമിൽ കോർഡിനേറ്റർ ശ്രീമതി ഡോണ മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. തിരുവമ്പാടി പി.എച്ച്.സി. ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മുസ്തഫ ക്ലാസ്സുകൾ നയിച്ചു. ആനക്കാംപൊയിൽ, വെറ്റിലപ്പാറ, കൂരാച്ചുണ്ട്, മുതുകാട്, വിലങ്ങാട് തുടങ്ങിയ ജി.വി.എസ്സുകൾ വഴി വിവിധ പരിപാടികൾ പ്രമേഹദിനാചരണത്തിന്റെ ഭാഗമായി സംഘ ടിപ്പിച്ചു.

## നേച്ചർ പദ്ധതി

പദ്ധതിയുടെ ഭാഗമായി കാലാവസ്ഥ അനുകൂലമായ ജൈവ കൃഷി പരിശീലനവും ബോധവത്കരണ ക്ലാസ്സും കൂരാച്ചുണ്ട്, കോടഞ്ചേരി, മൈലള്ളാംപാറ, വെറ്റിലപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ വച്ച് നടത്തി. പരിശീലന ക്ലാസ്സുകൾക്ക് ജോയി കാലായിൽ, ഡോണ മാത്യു നേതൃത്വം നല്കി.

### ആശാകിരണം പദ്ധതി

പദ്ധതിയിൽ Breast Cancer ബോധവത്കരണ ക്ലാസ്സുകൾ ജി.വി.എസ്സ്, എസ്.എച്ച്.ജി കൾ മുഖേന നടത്തുകയുണ്ടായി. കാൻസർ ബാധിച്ച് സുഖപ്രാപ്തിയിലേക്ക് വന്നിട്ടുള്ളവരുടെ ഡോക്കുമെന്ററിയും തയ്യാറാക്കുകയും കാൻസർ വാളണ്ടിയർ രജിസ്ട്രേഷൻ നടത്തുകയു ണ്ടായി, സി.ഒ.ഡി യിൽ വച്ച് നടന്ന മീറ്റിംഗിൽ വാളണ്ടിയർമാർക്കുള്ള മെഡിക്കൽ കിറ്റ് ഡയറക്ടർ വിതരണം ചെയ്തു.

### ഭക്ഷ്യസമൃദ്ധി

കാർഷിക വിളകളുടെ ഉല്പാദനത്തെ പരിപോഷിപ്പിക്കുന്ന തിനായി താമരശ്ശേരി കാനറാ ബാങ്കുമായി സഹകരിച്ച് 516 കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

## മലബാർ ലേബർ മൂവ്മെന്റ്

എം .എൽ .എം (K.L.M ) നടപ്പിലാക്കിയ സ്വാവലംബൻ പദ്ധതിയിൽ അംഗ മായവരുടെയും തയ്യൽ തൊഴിലാളി, ചെറുകിട തോട്ടംതൊഴിലാളി, നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ, സുരക്ഷാ നിധിയിൽ (മരണാനന്തര സഹായനി ധി ) അംഗമായവരുടെയും 2021-2022 വർഷത്തെ അംശദായം ഡിസംബർ 30ന് മുൻപായി അടക്കേണ്ടതാണ്.

വിവിധ ക്ഷേമ പദ്ധതികളിൽ അംഗങ്ങളായിരിക്കുന്ന അംഗങ്ങൾ കേന്ദ്ര സർക്കാരിന്റെ പുതിയ രജിസ്ട്രേഷൻ പോർട്ടലായ ഈ-ശ്രം പോർട്ടലിൽ അ ക്ഷയ സെന്ററുകൾ മുഖേന രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്

# യേശുനിധി

21.10.2021 മുതൽ 20.11.2021 വരെ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | |
|---|---|
| Chamal | 6000 |
| Chempanoda | 10000 |
| Chippilithode | 10000 |
| Kakkayam | 15000 |
| Koorachundu | 7000 |
| Padathukadave | 10000 |
| Valiyakolly | 10000 |
| Vilangad | 8000 |

**Home**

| | |
|---|---|
| Ashokapuram | 15000 |
| Koorachundu | 7000 |
| Manjakunnu | 15000 |
| Venappara | 10000 |

**Medical**

| | |
|---|---|
| Abhayagiri | 15000 |
| Chappanthottam | 10000 |
| Chappanthottam | 15000 |
| Chembukadave | 15000 |
| Engapuzha | 15000 |
| Kakkayam | 8000 |
| Kallanode | 10000 |
| Kallanode | 10000 |
| Kallanode | 10000 |
| Kannoth | 15000 |
| Koorachundu | 7000 |
| Koorottupara | 15000 |
| Kundayithode | 15000 |
| Kuppayakode | 10000 |
| Padathukadave | 10000 |
| Panamplave | 15000 |
| Parathode | 20000 |
| Peruvannamuzhi | 10000 |
| Theyyappara | 15000 |
| Vilangad | 10000 |
| | **373000** |

ഫാ. മാത്യു പുളിമൂട്ടിൽ
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## നവംബർ

1 രാവിലെ, തിരുവമ്പാടിയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, തോട്ടുമുക്കത്ത് ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

2 രാവിലെ, സകല മരിച്ചവരുടെയും ഓർമ്മദിനത്തോടനുബന്ധിച്ച് കൂരാച്ചുണ്ട് ഫൊറോന ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ചു.

കൂരാച്ചുണ്ടിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, രൂപതാ ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിന് അദ്ധ്യക്ഷത വഹിച്ചു.

3 രാവിലെ, പെരിന്തൽമണ്ണയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

4 രാവിലെ, ചാത്തൻകോട്ടുനട, പൂതംപാറ എന്നിവിടങ്ങളിൽ ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങൾ സന്ദർശിച്ചു.

മരുതോങ്കര ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

മരുതോങ്കരയിൽ ഫൊറോനയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

5 രാവിലെ, പള്ളോട്ടൈൻ സമൂഹത്തിന്റെ നാഗ്പൂർ പ്രഭു പ്രകാശ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. ജോയി പാലച്ചുവട്ടിലിനെയും ടീമംഗങ്ങളെയും രൂപതാഭവനിൽ സ്വീകരിച്ചു.

6 രാവിലെ, കുളത്തുവയൽ എം.എസ്.എം.ഐ. സന്യാസിനീ സമൂഹത്തിലെ അർത്ഥിനികൾക്ക് ക്ലാസ് എടുത്തു.

കുളത്തുവയൽ എൻ.ആർ.സി.യിൽ തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലെ തിയോളജി ഡിഗ്രി കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണസമ്മേളനം ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റുകൾ നൽകി.

7 രാവിലെ, പാറോപ്പടി ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 'വീ കെയർ' പദ്ധതി ഉദ്ഘാടനം ചെയ്തു. ന്യൂനപക്ഷസംവരണത്തിലെ സർക്കാർ നയത്തിൽ പ്രതിഷേധിച്ച് എ.കെ.സി.സി.യുടെ നേതൃത്വത്തിൽ ആചരിക്കുന്ന 'വഞ്ചനാദിന'ത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു.

8 രാവിലെ, സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസറത്ത് സന്യാസിനീസമൂഹത്തിന്റെ ബാംഗളൂർ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അമൃത മഞ്ഞളിയെ രൂപതാഭവനിൽ സ്വീകരിച്ചു.

പന്നിക്കോട് 'ലവ് ഷോർ' ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡിലെ അംഗങ്ങൾക്കായി സംഘടിപ്പിച്ച ഒത്തുചേരലിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, അളകാപുരിയിൽ, ഡോ. അബ്രഹാം ബെൻഹർ രചിച്ച 'ജൂത ഭാരതം' എന്ന പുസ്തകം, ഗോവ ഗവർണർ ശ്രീ. പി.എസ്. ശ്രീധരൻ പിള്ള പ്രകാശനം ചെയ്ത ചടങ്ങിൽ പങ്കെടുത്തു.

ദീപികയുടെ കോഴിക്കോട് ഓഫീസിൽ, കോഴിക്കോട് യൂണിറ്റിലെ വിവിധ വിഭാഗങ്ങളിലെ മേധാവികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

9 രാവിലെ, തിരുവമ്പാടിയിൽ പരേതനായ പുരയിടത്തിൽ ജോസഫിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സേവ്യർഖാൻ വട്ടായിലച്ചനെ സന്ദർശിച്ചു.

9-10 കോയമ്പത്തൂർ രാമനാഥപുരം രൂപതാഭവനിൽ ചേർന്ന സഹപാഠീസംഗമ സമ്മേളനത്തിൽ പങ്കെടുത്തു.

10 രാവിലെ, രാമനാഥപുരം കത്തീഡ്രൽ ദൈവാലയത്തിൽ സഹപാഠികളോടൊപ്പം വി. കുർബ്ബാനയർപ്പിച്ചു.

11 രാവിലെ, മഞ്ചേരി ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

12 ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കായി വി. കുർബ്ബാനയർപ്പിച്ചു.

13 രാവിലെ, പുത്തനങ്ങാടി സെന്റ് മേരീസ് കോളേജിന്റെ ഒരു വർഷം നീളുന്ന രജത ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ വെച്ച് വിശ്വാസപരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകരെ ആദരിക്കുന്നതി നായി മതബോധന വിഭാഗം സംഘടിപ്പിച്ച ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് വിവിധ മേഖലകളിൽ സമ്മാനാർഹരായ കുട്ടികൾക്കുള്ള സമ്മാനദാനവും നിർവ്വഹിച്ചു.

വൈകുന്നേരം, ഹോളി ഹോം മൂവ്മെന്റ് ഓൺലൈനായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

14 രാവിലെ, ഈസ്റ്റ് ഹിൽ ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ എട്ടാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി, വി. കുർബ്ബാനയർപ്പിച്ചു.

15-19 രൂപതയിലെ വൈദികർക്കായി, വിൻസെൻഷ്യൻ സന്യാസ സമൂഹത്തിന്റെ കോട്ടയം സെന്റ് ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. മാത്യു കക്കാട്ടുപള്ളി നേതൃത്വം നൽകിയ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

15 രാവിലെ, മരിയൻ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'ജീവസമൃദ്ധി' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടനം രൂപതാഭവനിൽ വെച്ച് നിർവ്വഹിച്ചു.

മൈലള്ളാംപാറ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

16 രാവിലെ, താമരശ്ശേരി ചാവറ ആശുപത്രി കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, കത്തീഡ്രൽ ദൈവാലയത്തിൽ വാർഷിക ധ്യാനത്തിന്റ ഭാഗമായി താമരശ്ശേരി ഫൊറോന വൈദിക കൂട്ടായ്മ നടത്തിയ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി.

വൈകുന്നേരം അമലാപുരിയിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

17 രാവിലെ, താമരശ്ശേരി ചാവറ ആശുപത്രി കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

പ്രേഷിതാരാം സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ സി. ഡോണയെ രൂപതാഭവനിൽ സ്വീകരിച്ചു.

18 രാവിലെ, താമരശ്ശേരി എസ്.എം.എം.ഐ. സന്യാസിനീ സമൂഹ ഭവന കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, സി.എം.ഐ. കോയമ്പത്തൂർ പ്രൊവിൻസിന്റെ സുപ്പീയർ സാജു ചക്കാലയ്ക്കലച്ചനെ രൂപതാഭവനിൽ സ്വീകരിച്ചു.

19 രാവിലെ, വൈദികരുടെ വാർഷിക ധ്യാനത്തിന്റെ സമാപന ദിനത്തോടനുബന്ധിച്ച് രൂപതാ ഭവൻ കപ്പേളയിൽ വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, ചിപ്പിലിത്തോട് ഇടവക ദൈവാലയം സന്ദർശിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തി.

20 രാവിലെ, വള്ളിയാട് ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി, വി.കുർബ്ബാനയർപ്പിച്ചു.

21 രാവിലെ, ചേവായൂർ പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ, പരി. അമ്മയുടെ ദൈവാലയ സമർപ്പണ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

കുണ്ടായിത്തോട് ഇടവക ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ച് ഒരു

കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശ നൽകുകയും ഒരു കുട്ടിക്ക് പ്രഥമ ദിവ്യകാരുണ്യം നൽകുകയും ചെയ്തു.

കുണ്ടായിത്തോട് ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവകയിൽ പരേതയായ തെക്കേക്കരമറ്റത്തിൽ അന്നമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

22 രാവിലെ, താമരശ്ശേരി അൽഫോൻസാ പബ്ലിക് സ്കൂളിൽ പുതുതായി ആരംഭിച്ച അടൽ ടിങ്കറിങ്ങ് ലാബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

മരഞ്ചാട്ടി ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

ചേവായൂർ ഇടവകയിൽ പരേതനായ കിഴക്കേടത്ത് തോമസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, റിലീജിയസ് കമ്മീഷന്റെ മീറ്റിംഗിൽ ഓൺ ലൈനായി സംബന്ധിച്ചു.

എ.കെ.സി.സി.യുടെ എജ്യുക്കേഷൻ പ്രോജക്ട് കമ്മിറ്റി മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു.

23 രാവിലെ, മലാപറമ്പ് എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു.

24 രാവിലെ, കരികണ്ടൻപാറ ഇടവക ദൈവാലയത്തിൽ ഡീക്കൻ മാത്യു വെട്ടുകല്ലേലിന് പൗരോഹിത്യപട്ടം നൽകി.

വൈകുന്നേരം, താമരശ്ശേരി യേശുഭവൻ എം.എസ്.ജെ. സന്ന്യാസിനീ ഭവന കപ്പേളയിൽ ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് ആഘോഷങ്ങളിൽ പങ്കുചേർന്നു.

25 രാവിലെ, എഫ്.സി.സി. സന്യാസസമൂഹത്തിന്റെ താമരശ്ശേരി സെന്റ് ഫ്രാൻസിസ് പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി ജോൺ എഫ്.സി.സി. യേയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ടീമംഗങ്ങളേയും രൂപതാഭവനിൽ സ്വീകരിച്ചു.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

മഞ്ഞുവയൽ ഇടവകയിൽ പരേതനായ കുന്നപ്പള്ളി കെ.എം. വർക്കിയുടെ (കുഞ്ഞേട്ടൻ) ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

26 രാവിലെ, ഡോട്ടേഴ്സ് ഓഫ് ദി ചർച്ച് സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറാളിനെ രൂപതാഭവനിൽ സ്വീകരിച്ചു.

ഇൻഫാമിന്റെ കേന്ദ്ര കമ്മിറ്റി മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു.

27 രാവിലെ, പൂവാറൻതോട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

28 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മംഗളവാർത്ത കാലത്തിന്റെ ആരംഭത്തോടനുബന്ധിച്ച് നവീകരിച്ച കുർബാനക്രമത്തിന് രൂപതയിൽ തുടക്കം കുറിച്ചു കൊണ്ട് വി. കുർബാനയർപ്പിച്ചു.

മരുതോങ്കര ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി, വി. കുർബാനയർപ്പിച്ചു.

മരുതോങ്കര ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ മദ്യവിരുദ്ധസമിതിയുടെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.

29 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ, രൂപതയിലെ ജൂബിലേറിയന്മാരോടൊപ്പം അർപ്പിച്ച വി. കുർബാനയിൽ പങ്കുചേർന്നു. തുടർന്ന് നടന്ന ജൂബിലി ആശംസാ സമ്മേളനത്തിൽ പങ്കെടുത്തു.

30 രാവിലെ, പാറോപ്പടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ സിനാക്സിസിൽ പങ്കെടുക്കുന്നവർക്കായി വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, മൈലള്ളാംപാറ ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു.

കണ്ണോത്ത് ഇടവക ദൈവാലയത്തിൽ തിരുന്നാളിനോടും ഇടവക വികാരി ബഹു. ഡൊമിനിക് തൂങ്കുഴിയച്ചന്റെ പൗരോഹിത്യ രജതജൂബിലിയോടും അനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.



# വിഷയവിവരം

## താമരമൊട്ടുകൾ വാല്യം 23, 2021


| | | | |
|---|---|---|---|
| 1. | **മംഗളാശംസകൾ** | | |
| | പുതുവത്സരാശംസകൾ | 1 | 1 |
| | ജനറൽ, പ്രൊവിൻഷ്യൽ ടീമിന് ആശംസകൾ | 3 | 149 |
| | നവസന്യാസിനികൾക്ക് ആശംസ | 5 | 331 |
| | മാർ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ ആശംസ | 10 | 629 |
| | പ്രൊവിൻഷ്യൽ ടീമിന് ആശംസ | 11 | 729 |
| | പ്രൊവിൻഷ്യൽ ടീമിന് ആശംസ | 12 | 811 |
| | ജൂബിലിയേറിയൻസിന് ആശംസകൾ | 12 | 763 |
| 2. | **ജന്മദിന / തിരുനാൾ ആശംസകൾ** | | |
| | ,, | 1 | 3 |
| | ,, | 2 | 63 |
| | ,, | 3 | 147 |
| | ,, | 4 | 231 |
| | ,, | 5 | 295 |
| | ,, | 6 | 359 |
| | ,, | 7 | 415 |
| | ,, | 8 | 511 |
| | ,, | 9 | 571 |
| | ,, | 10 | 627 |
| | ,, | 11 | 695 |
| | ,, | 12 | 765 |
| 3. | **സർക്കുലറുകൾ** | | |
| | സീറോമലബാർ പ്രേഷിതവാരാചരണം | 1 | 6 |
| | സർക്കുലർ 01/2021 | 1 | 11 |
| | 2021 യൗസേപ്പിതാവർഷം സർക്കുലർ | 1 | 21 |
| | 2021 കർഷകദിന സർക്കുലർ | 1 | 21 |
| | സർക്കുലർ 02/2021 | 2 | 65 |
| | സർക്കുലർ തിരുബാലസഖ്യദിനം | 2 | 75 |
| | ലോകസമാധാന ദിനാചരണം | 2 | 81 |
| | 29-ാം ലോകരോഗീദിനം -2021 | 2 | 94 |
| | സർക്കുലർ 06/2021 | 3 | 150 |
| | സർക്കുലർ 07/2021 | 3 | 153 |
| | സർക്കുലർ 08/2021 | 3 | 159 |
| | സർക്കുലർ 03/2021 | 3 | 174 |
| | സർക്കുലർ 04/2021 | 3 | 178 |
| | സർക്കുലർ 05/2021 | 3 | 185 |
| | സർക്കുലർ | 4 | 234 |
| | മെയ്ദിന സന്ദേശം | 5 | 297 |
| | മോത്തു പ്രോപ്രിയോ | 6 | 363 |
| | സർക്കുലർ 10/2021 | 7 | 418 |
| | സർക്കുലർ 11/2021 | 7 | 422 |

| | | | |
|---|---|---|---|
| | സർക്കുലർ 12/2021 | 7 | 426 |
| | യുവജനദിനം 2021 | 7 | 436 |
| | ലോക മാധ്യമദിനസന്ദേശം | 7 | 440 |
| | സർക്കുലർ | 8 | 514 |
| | സർക്കുലർ | 8 | 519 |
| | സർക്കുലർ 13/2021 | 9 | 574 |
| | സർക്കുലർ | 9 | 577 |
| | സർക്കുലർ 14/2021 | 10 | 630 |
| | ലോകമിഷൻ ഞായർ | 10 | 634 |
| | സർക്കുലർ 15/2021 | 11 | 703 |
| | സർക്കുലർ 16/2021 | 12 | 767 |
| | സർക്കുലർ | 12 | 783 |
| **4.** | **ഇടയലേഖനങ്ങൾ** | | |
| | നോമ്പുകാലം 01/2021 | 2 | 68 |
| | സഭാദിനം - ദുക്റാനതിരുനാൾ | 7 | 429 |
| | ഇടയലേഖനം | 10 | 642 |
| | ഇടയലേഖനം 02/2021 | 11 | 697 |
| **5.** | **പ്രോഗ്രാം** | | |
| | ജനുവരി | 1 | 5 |
| | ഫെബ്രുവരി | 2 | 64 |
| | മാർച്ച് | 3 | 149 |
| | ഏപ്രിൽ | 4 | 233 |
| | മെയ് | 5 | 296 |
| | ജൂൺ | 6 | 362 |
| | ജൂലൈ | 7 | 417 |
| | ആഗസ്റ്റ് | 8 | 513 |
| | സെപ്റ്റംബർ | 9 | 573 |
| | ഒക്ടോബർ | 10 | 629 |
| | നവംബർ | 11 | 696 |
| | ഡിസംബർ | 12 | 766 |
| **6.** | **കച്ചേരിക്കാര്യം** | | |
| | ,, | 1 | 18 |
| | ,, | 2 | 100 |
| | ,, | 3 | 190 |
| | ,, | 4 | 240 |
| | ,, | 5 | 304 |
| | ,, | 6 | 374 |
| | ,, | 7 | 448 |
| | ,, | 8 | 525 |
| | ,, | 9 | 581 |
| | ,, | 10 | 649 |
| | ,, | 11 | 706 |
| | ,, | 12 | 789 |
| **7.** | **പൊതു അറിയിപ്പുകൾ** | | |
| | അനുസ്മരണ പ്രഭാഷണം | 7 | 457 |
| | GIFT COCHIN | 10 | 671 |

| | | | |
|---|---|---|---|
| | ബഹു. ജോൺ മണലിലച്ചൻ | 11 | 709 |
| | തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർ | 12 | 794 |
| **8.** | **സെമിനാരി വാർത്തകൾ** | | |
| | ,, | 3 | 194 |
| | ,, | 5 | 313 |
| | ,, | 7 | 461 |
| | ,, | 9 | 584 |
| | ,, | 10 | 725 |
| | ,, | 12 | 806 |
| **9.** | **വെക്കേഷൻ ബ്യൂറോ** | | |
| | ,, | 2 | 104 |
| | ,, | 5 | 315 |
| **10.** | **വിശ്വാസപരിശീലനം** | | |
| | ,, | 1 | 21 |
| | ,, | 2 | 105 |
| | ,, | 3 | 196 |
| | ,, | 4 | 244 |
| | ,, | 5 | 309 |
| | ,, | 6 | 378 |
| | ,, | 7 | 464 |
| | ,, | 8 | 528 |
| | ,, | 9 | 586 |
| | ,, | 10 | 652 |
| | ,, | 11 | 713 |
| | ,, | 12 | 795 |
| **11.** | **ബൈബിൾ അപ്പോസ്റ്റലേറ്റ്** | | |
| | ,, | 2 | 107 |
| | ,, | 3 | 195 |
| **12.** | **ചെറുപുഷ്പ മിഷൻലീഗ്** | | |
| | ,, | 1 | 28 |
| | ,, | 2 | 113 |
| | ,, | 3 | 199 |
| | ,, | 4 | 247 |
| | ,, | 5 | 311 |
| | ,, | 6 | 385 |
| | ,, | 7 | 466 |
| | ,, | 8 | 531 |
| | ,, | 9 | 589 |
| | ,, | 10 | 656 |
| | ,, | 11 | 717 |
| | ,, | 12 | 801 |
| **13.** | **കെ.സി.വൈ.എം.** | | |
| | ,, | 1 | 33 |
| | ,, | 2 | 116 |
| | ,, | 4 | 250 |
| | ,, | 5 | 332 |

| | | | |
|---|---|---|---|
| | ,, | 6 | 339 |
| | ,, | 7 | 489 |
| | ,, | 8 | 552 |
| | ,, | 9 | 606 |
| | ,, | 10 | 674 |
| | ,, | 11 | 739 |
| | ,, | 12 | 819 |
| 14. | ഗുഡ്ഷെപ്പേർഡ് പ്രീസ്റ്റ് ഹോം | | |
| | ,, | 11 | 738 |
| 15. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | | |
| | ,, | 1 | 35 |
| | ,, | 3 | 207 |
| | ,, | 4 | 267 |
| | ,, | 5 | 344 |
| | ,, | 8 | 558 |
| | ,, | 9 | 614 |
| | ,, | 11 | 750 |
| | ,, | 12 | 829 |
| 16. | കുടുംബകൂട്ടായ്മ (SCC) | | |
| | ,, | 1 | 37 |
| | ,, | 3 | 203 |
| | ,, | 4 | 266 |
| | ,, | 5 | 339 |
| | ,, | 7 | 488 |
| | ,, | 8 | 550 |
| 17. | മാതൃവേദി | | |
| | ,, | 1 | 36 |
| | ,, | 2 | 122 |
| | ,, | 3 | 204 |
| | ,, | 4 | 261 |
| | ,, | 5 | 338 |
| | ,, | 6 | 396 |
| | ,, | 7 | 485 |
| | ,, | 8 | 544 |
| | ,, | 9 | 600 |
| | ,, | 10 | 672 |
| | ,, | 11 | 736 |
| | ,, | 12 | 817 |
| 18. | എ.കെ.സി.സി. | | |
| | ,, | 1 | 45 |
| | ,, | 2 | 129 |
| | ,, | 4 | 263 |
| | ,, | 5 | 340 |
| | ,, | 6 | 403 |
| | ,, | 7 | 496 |

| | | |
|---|---|---|
| ,, | 8 | 555 |
| ,, | 9 | 612 |
| ,, | 11 | 747 |
| ,, | 12 | 824 |
| **19. മദ്യവിരുദ്ധസമിതി** | | |
| ,, | 3 | 210 |
| ,, | 4 | 274 |
| **20. ക്രിസ്റ്റീൻ മൂവ്മെന്റ്** | | |
| ,, | 1 | 33 |
| **21. ലിറ്റർജി കമ്മീഷൻ** | | |
| ,, | 1 | 46 |
| ,, | 2 | 120 |
| ,, | 3 | 201 |
| ,, | 4 | 259 |
| ,, | 5 | 317 |
| ,, | 6 | 389 |
| ,, | 7 | 471 |
| ,, | 8 | 536 |
| ,, | 9 | 595 |
| ,, | 10 | 662 |
| ,, | 11 | 727 |
| ,, | 12 | 807 |
| **22. പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്** | | |
| ,, | 1 | 40 |
| ,, | 2 | 132 |
| ,, | 3 | 220 |
| ,, | 5 | 329 |
| ,, | 6 | 393 |
| ,, 7 | 476 | |
| ,, | 8 | 540 |
| ,, | 10 | 669 |
| ,, | 11 | 734 |
| ,, | 12 | 812 |
| **23. ആൽഫ മരിയ അക്കാദമി** | | |
| ,, | 3 | 223 |
| ,, | 4 | 281 |
| ,, | 5 | 330 |
| ,, | 6 | 394 |
| ,, | 7 | 477 |
| ,, | 8 | 541 |
| ,, | 9 | 599 |
| ,, | 10 | 670 |
| ,, | 12 | 816 |
| **24. സ്റ്റാർട്ട്** | | |


| | | |
|---|---|---|
| ,, | 1 | 42 |
| ,, | 2 | 133 |
| ,, | 3 | 221 |
| ,, | 4 | 278 |
| ,, | 5 | 326 |
| ,, | 6 | 391 |
| ,, | 7 | 474 |
| ,, | 8 | 539 |
| ,, | 9 | 598 |
| ,, | 10 | 665 |
| ,, | 11 | 732 |
| ,, | 12 | 809 |
| **25. എഫ്.എസ്.ടി.** | | |
| സി. ബീന സി.എം.സി | 2 | 125 |
| സി. പ്രസില്ല എം.എസ്.എം.ഐ | 3 | 206 |
| സി. ഫ്ളോറൻസ് എം.എസ്.എം.ഐ | 4 | 270 |
| സി. സിൽവെസ്റ്റർ സി.എം.സി | 8 | 547 |
| സി. സെലിഗ്വരിൻ എസ്.എച്ച് | 9 | 602 |
| സി. ഫ്രാൻസിസ് കബ്രീനി എസ്.എച്ച് | 9 | 603 |
| **26. കരിസ്മാറ്റിക് നവീകരണം** | | |
| ,, | 1 | 39 |
| ,, | 2 | 123 |
| ,, | 3 | 213 |
| ,, | 4 | 272 |
| ,, | 5 | 345 |
| ,, | 6 | 406 |
| ,, | 7 | 499 |
| ,, | 8 | 560 |
| ,, | 9 | 618 |
| ,, | 10 | 678 |
| ,, | 11 | 753 |
| ,, | 12 | 831 |
| **27. ബഥാനിയ വാർത്തകൾ** | | |
| ,, | 2 | 127 |
| ,, | 3 | 214 |
| ,, | 4 | 275 |
| ,, | 5 | 346 |
| ,, | 6 | 409 |
| ,, | 7 | 501 |
| ,, | 11 | 755 |
| ,, | 12 | 833 |
| **28. അൽഫോൻസ കോളേജ്** | | |
| ,, | 2 | 134 |
| ,, | 3 | 224 |
| ,, | 5 | 321 |

| | | |
|---|---|---|
| ,, | 7 | 478 |
| ,, | 8 | 541 |
| ,, | 10 | 666 |
| ,, | 12 | 813 |
| **29. വിൻസെന്റ് ഡി പോൾ സൊസൈറ്റി** | | |
| ,, | 2 | 131 |
| ,, | 6 | 407 |
| ,, | 8 | 559 |
| ,, | 9 | 617 |
| ,, | 11 | 752 |
| ,, | 12 | 830 |
| **30. ഫ്രാൻസിസ്ക്കൻ അൽമായ സഭ** | | |
| ,, | 3 | 551 |
| **31. കുടുംബ പ്രേഷിതത്വം** | | |
| ,, | 8 | 417 |
| ,, | 9 | 605 |
| ,, | 10 | 673 |
| ,, | 11 | 739 |
| ,, | 12 | 819 |
| **32. വിദ്യാഭ്യാസം** | | |
| ,, | 3 | 226 |
| ,, | 5 | 318 |
| ,, | 7 | 472 |
| ,, | 8 | 537 |
| ,, | 9 | 596 |
| ,, | 10 | 664 |
| ,, | 11 | 730 |
| ,, | 12 | 808 |
| **33. മലബാർ ലേബർ മൂവ്മെന്റ് (MLM)** | | |
| ,, | 4 | 287 |
| ,, | 5 | 351 |
| ,, | 7 | 503 |
| ,, | 12 | 836 |
| **34. വികസനവേദി** | | |
| ,, | 1 | 46 |
| ,, | 4 | 282 |
| ,, | 5 | 349 |
| ,, | 6 | 410 |
| ,, | 7 | 504 |
| ,, | 8 | 563 |
| ,, | 12 | 834 |
| **35. എൽ.ഡി.എസ്.** | | |
| ,, | 4 | 286 |
| ,, | 5 | 332 |
| ,, | 7 | 484 |

| | | | |
|---|---|---|---|
| 36. | **യേശുനിധി** | | |
| | ,, | 10 | 680 |
| | ,, | 11 | 757 |
| | ,, | 12 | 837 |
| 37. | **പി.എം.ഒ.സി** | | |
| | ,, | 8 | 562 |
| 38. | **ഇൻഫാം** | | |
| | ,, | 5 | 345 |
| | ,, | 6 | 405 |
| | ,, | 8 | 558 |
| | ,, | 9 | 615 |
| | ,, | 10 | 676 |
| | ,, | 11 | 744 |
| | ,, | 12 | 822 |
| 39. | **തിരുബാലസഖ്യം** | | |
| | ,, | 2 | 115 |
| | ,, | 3 | 200 |
| | ,, | 4 | 249 |
| | ,, | 5 | 312 |
| | ,, | 6 | 388 |
| | ,, | 7 | 470 |
| | ,, | 8 | 534 |
| | ,, | 9 | 593 |
| | ,, | 10 | 661 |
| | ,, | 11 | 723 |
| | ,, | 12 | 804 |
| 40. | **ദീപിക (DFC)** | | |
| | ,, | 3 | 216 |
| 41. | **ജീസസ് ഫ്രട്ടേണിറ്റി** | | |
| | ,, | 6 | 395 |
| 42. | **റിപ്പോർട്ടുകൾ** | | |
| | വൈദിക സമിതി റിപ്പോർട്ട് | 7 | 452 |
| 43. | **ജീസസ് യൂത്ത്** | | |
| | ,, | 7 | 494 |
| | ,, | 9 | 609 |
| 44. | **അജപാലനക്കുറിപ്പുകൾ** | | |
| | ,, | 1 | 48 |
| | ,, | 2 | 140 |
| | ,, | 3 | 228 |
| | ,, | 4 | 289 |
| | ,, | 5 | 352 |
| | ,, | 6 | 411 |
| | ,, | 7 | 506 |
| | ,, | 8 | 565 |

| | | |
|---|---|---|
| ,, | 9 | 620 |
| ,, | 10 | 688 |
| ,, | 11 | 758 |
| ,, | 12 | 838 |





# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

('പാത്രിസ് കോർദേ'യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

# On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace… Yes, all that is true enough, but it is also a matter of humility, of realizing that we need God… all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents….praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. …They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well… True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-11-2021 |





Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 23, issue 12, December 2021, Pages 82.